തിരുവനന്തപുരം മേജർ അതിഭദ്രാസന

# ബുള്ളറ്റിൻ

വാല്യം 14 2009 നവംബർ ലക്കം 11

ദൈവകൃപയാലും തിരുസിംഹാസനത്തിന്റെ അംഗീകാരത്താലും
മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ മേജർ ആർച്ചുബിഷപ്പ്
**മോറാൻ മോർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവായിൽ**നിന്നും
നമ്മുടെ അധികാരത്തിൻ കീഴിലുള്ള
മെത്രാപ്പോലിത്തൻ ആർച്ചുബിഷപ്പിനും
മെത്രാപ്പോലിത്താമാർക്കും മേല്പട്ടക്കാർക്കും
കോറെപ്പിസ്ക്കോപ്പാമാർക്കും റമ്പാന്മാർക്കും പട്ടക്കാർക്കും
ശെമ്മാശ്ശഗണത്തിനും സന്യസ്തർക്കും വിശ്വാസികളേവർക്കും വാഴ്വ്.

Prot No CPL 3/2009

**സ്വയംഭൂവും സർവ്വശക്തനും ആദ്യന്തമില്ലാത്തവനും
സാരാംശത്തിൽ സമത്വമുള്ളവനുമായ ത്രീയേക ദൈവത്തിനു സ്തുതി.**

## പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസിന്റെ തീരുമാനങ്ങൾ

അഭിവന്ദ്യ പിതാക്കന്മാരേ, വന്ദ്യ കോറെപ്പിസ്കോപ്പാമാരേ, റമ്പാന്മാരേ, ബഹു. വൈദികരേ, ശെമ്മാശന്മാരേ, സന്യസ്തരേ, കർത്താവിൽ പ്രിയ വിശ്വാസികളേ!

നമ്മുടെ ക്രൈസ്തവജീവിതത്തെ ആഴപ്പെടുത്തുന്നതും ദൈവത്തിന്റെ രക്ഷാകരപദ്ധതിയിൽ നമ്മെ പങ്കാളികളാക്കുന്നതും നമ്മുടെ സഭാജീവിതമാണല്ലൊ. മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ സഭാത്മകവും ആദ്ധ്യാത്മികവുമായ ജീവിതം പരിപോഷിപ്പിക്കുവാനും ശക്തിപ്പെടുത്തുവാനുമുള്ള മാർഗ്ഗങ്ങൾ നമ്മുടെ സഭയുടെ പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് പ്രാർത്ഥനാപൂർവ്വം ആരായുന്നു. ദൈവജനത്തിന്റെ, വിശിഷ്യാ അല്മായരുടെ ശുശ്രൂഷ ഏറ്റം ഫലവത്താകുവാൻ നമ്മുടെ സഭയുടെ പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് എടുത്ത ഏതാനും തീരുമാനങ്ങൾ ഞാൻ ഇതിനാൽ പ്രാബല്യപ്പെടുത്തുകയാണ്.

**1. നാം ആചരിക്കുന്ന നോമ്പുകൾ**

നമ്മുടെ സഭയിൽ നിശ്ചയിക്കപ്പെട്ടിരിക്കുന്ന പ്രധാന നോമ്പുകൾ ഇരുപത്തിയഞ്ചുനോമ്പ്, മൂന്നുനോമ്പ്, അമ്പതുനോമ്പ് അഥവാ വലിയനോമ്പ്, പതിമൂന്ന് നോമ്പ് അഥവാ ശ്ലീഹാനോമ്പ് (ജൂൺ 16-29), പതിനഞ്ച് നോമ്പ് അഥവാ ശൂനോയോ നോമ്പ് (ആഗസ്റ്റ് 1-15), എട്ട് നോമ്പ് അഥവാ ദൈവമാതാവിന്റെ ജനനപ്പെരുന്നാളിനു ഒരുക്കമായുള്ള നോമ്പ് (സെപ്തംബർ 1-8) എന്നിവയാണ്. ഇവയിൽ ഇരുപത്തിയഞ്ചുനോമ്പ്, മൂന്നുനോമ്പ്, അമ്പതുനോമ്പ് എന്നിവ അനുഷ്ഠിക്കുവാൻ എല്ലാവരും കടപ്പെട്ടിരിക്കുന്നു. മറ്റു നോമ്പുകൾ ഭക്തിപരമായും വ്യക്തിപരമായും ആചരിക്കുന്നതാണ്.

**2. വർജ്ജനയും ഉപവാസവും**

ഇരുപത്തിയഞ്ച്നോമ്പ്, മൂന്നുനോമ്പ്, വലിയനോമ്പ് എന്നീ കാലങ്ങളിൽ എല്ലാവരും മാംസം വർജ്ജിക്കണം. മൂന്നുനോമ്പിലും, വലിയനോമ്പിലെ ഒന്നാം തിങ്കളാഴ്ച (ശുബുക്കോനോ)യിലും, എല്ലാ വെള്ളിയാഴ്ചകളിലും, 40-ാം വെള്ളിയാഴ്ച മുതൽ കൃംതാ വരെയുള്ള ദിവസങ്ങളിലും മത്സ്യവും മുട്ടയും, ദുഃഖവെള്ളിയാഴ്ച മേൽപ്പറഞ്ഞവ കൂടാതെ പാലും പാലിൽ നിന്നുണ്ടാക്കുന്ന വിഭവങ്ങളും വർജ്ജിക്കണം.

21 വയസ്സിന് മേൽ 60 വയസ്സിന് താഴെയുള്ളവർ മൂന്നുനോമ്പിന്റെ രണ്ടാം ദിവസവും വലിയനോമ്പിന്റെ ഒന്നാം തിങ്കളാഴ്ചയും, എല്ലാ വെള്ളിയാഴ്ചകളിലും ഉച്ചവരെയെങ്കിലും ഉപവസിക്കണം. രോഗികളും ഗർഭിണികളും കഠിനവേല ചെയ്യുന്നവരും ഈ ഉപവാസത്തിന് കടപ്പെട്ടവരല്ല.

**3. വിവാഹവിലക്ക്**

നമ്മുടെ സഭയിലെ വിവാഹ ആഘോഷം സംബന്ധിച്ചുള്ള ചില പ്രത്യേക നിബന്ധനകൾ പരിശുദ്ധ സുന്നഹദോസ് നൽകുന്നു. **വിവാഹ ആഘോഷം അനുവദിച്ചിട്ടുള്ള കാലയളവിൽതന്നെ വിവാഹകൂദാശ നടത്തുന്നതിനാണ് സഭ ആഗ്രഹിക്കുന്നത്.** ഇരുപത്തിയഞ്ച്നോമ്പ്, മൂന്നുനോമ്പ്, വലിയനോമ്പ്, കാത്തിരിപ്പ്കാലം (സ്വർഗാരോഹണം മുതൽ പെന്തിക്കോസ്തി വരെ) എന്നീ കാലങ്ങളിൽ നമ്മുടെ സഭയിൽ വിവാഹ ആഘോഷം വിലക്കപ്പെട്ടിരിക്കുന്നു. എന്നാൽ ഗൗരവമേറിയ കാരണങ്ങളാൽ വിലക്കുള്ള കാലത്ത് വിവാഹം നടത്തുവാൻ വിശ്വാസികൾക്ക് വിടുതൽ (dispensation) നൽകുന്നതിന് അതിഭദ്രാസന/ ഭദ്രാസനാദ്ധ്യക്ഷന്മാർക്ക് അധികാരമുണ്ട്. ഏറ്റം ഗൗരവമേറിയ കാരണങ്ങളുള്ളപ്പോൾ മാത്രമേ നമ്മുടെ വിശ്വാസികൾ ഈ അനുവാദത്തിനായി അപേക്ഷിക്കാവൂ



എന്ന് ഓർമ്മിപ്പിക്കുന്നു. അജപാലന ക്രമീകരണത്തിൽ വിവിധ സ്ഥലങ്ങളിലുള്ള വിശ്വാസിസമൂഹത്തിന്റെ ആവശ്യങ്ങളെ അനുഭാവപൂർവ്വം പരിഗണിച്ച്, കാത്തിരിപ്പ്കാലത്തും (സ്വർഗാരോഹണം മുതൽ പെന്തിക്കോസ്തി വരെ) ഇരുപത്തിയഞ്ചു നോമ്പിന്റെ ദിനങ്ങളിലും അമ്പതു നോമ്പിലെ (വലിയനോമ്പ്) ആദ്യത്തെ ഇരുപത്തിയഞ്ചു ദിവസങ്ങളിലും (പകുതി നോമ്പുവരെ) വിവാഹം നടത്തുന്നതിന് ഈ പ്രത്യേക അനുവാദത്തിനായി അപേക്ഷിക്കാവുന്നതാണ്. അത്തരത്തിലുള്ള വിടുതൽ കിട്ടാൻ ആനുപാതികമായ പ്രായശ്ചിത്ത നേർച്ചസമർപ്പണം ഭദ്രാസന കാര്യാലയത്തിൽ അടയ്ക്കേണ്ടതാണ്. ഈ തുക നിർദ്ദനരായ പെൺകുട്ടികളുടെ വിവാഹ സഹായത്തിനായി ഉപയോഗിക്കുന്നതാണ്. **മൂന്നു നോമ്പു ദിവസങ്ങളിലും നാൽപ്പതാം വെള്ളിയാഴ്ച മുതൽ ഉയിർപ്പു വരെയുള്ള ദിനങ്ങളിലും വിവാഹം നടത്തുവാനുള്ള അനുവാദം നൽകുന്നതല്ല.** നോമ്പുകാലത്ത് നടത്തുന്ന വിവാഹ ആഘോഷ സത്ക്കാരങ്ങളിൽ നമ്മുടെ സഭ നിർദ്ദേശിച്ചിട്ടുള്ള മാംസവർജ്ജന നിർബന്ധമായും പാലിക്കേണ്ടതാണ്. നോമ്പുകാലത്ത് നടത്തപ്പെടുന്ന മറ്റ് എല്ലാ ആഘോഷങ്ങളിലും സഭ കൽപിച്ചിട്ടുള്ള വർജ്ജന പാലിക്കേണ്ടതാണ്. **നോമ്പുകാലത്ത് പ്രത്യേക അനുവാദത്തോടെ നടത്തുന്ന വിവാഹം നമ്മുടെ സഭയിലെ മെത്രാന്മാർ ആശിർവദിക്കുന്നതല്ല.**

**4. വിവാഹ ഒരുക്കം**

നമ്മുടെ സഭയിൽ വിവാഹിതരാകുന്ന യുവതീയുവാക്കൾ വിവാഹത്തിനുമുമ്പുള്ള ഒരുക്കസെമിനാറിൽ പങ്കുകൊണ്ട് വിവാഹകൂദാശയ്ക്കു വേണ്ടി പ്രത്യേകം ഒരുങ്ങേണ്ടതാണ്. ഇനിമുതൽ വിവാഹിതരാകുന്ന യുവതീയുവാക്കൾ "വിവാഹത്തിനൊരുക്കമായുള്ള അന്വേഷണഫോറം" പൂരിപ്പിച്ചു നൽകേണ്ടതുമാണ്. പ്രസ്തുത ഫോറം പ്രത്യേക ഫയലിൽ ഇടവകയിൽ ബ. വികാരിയച്ചന്മാർ സൂക്ഷിക്കേണ്ടതുമാണ്. വിവാഹിതരാകുവാൻ ഉദ്ദേശിക്കുന്നവരുടെ ഇടവക വികാരിയോ അദ്ദേഹത്തിന്റെ പ്രതിനിധിയോ ഈയവസരം അവരെ വ്യക്തിപരമായി കാണുന്നതിനും വിവാഹസംബന്ധമായ കാനോനികവും ആദ്ധ്യാത്മികവുമായ കാര്യങ്ങൾ പ്രബോധിപ്പിക്കുന്നതിനുമുള്ള അവസരമായി ഉപയോഗിക്കണം. വിവാഹത്തെ സംബന്ധിച്ച് നിലവിൽ വന്നിരിക്കുന്ന സിവിൽ നിയമങ്ങൾ പാലിക്കുവാനും ഈയവസരത്തിൽ അവരെ ഓർമ്മപ്പെടുത്തണം.

**5. വിവാഹ ആഘോഷം**

നമ്മുടെ സഭയിലെ വിവാഹ ആഘോഷങ്ങളിൽ ദൈവാലയത്തിലെ

കൂദാശയിലും തുടർന്നുള്ള ക്രമീകരണങ്ങളിലും ക്രിസ്തീയപക്വത പ്രകടമാക്കുവാൻ ഏവരും ബാദ്ധ്യസ്ഥരാണ്. വിവാഹ കൂദാശയിൽ ദൈവാനുഭവം നഷ്ടപ്പെട്ടുപോകാതിരിപ്പാൻ ഏവരും ശ്രദ്ധിക്കണം. ഗായകസംഘത്തിന്റെ സമീപനം പക്വതയാർന്നതും വി. കൂദാശയുടെ അനുഭവം വർദ്ധിപ്പിക്കുന്നതുമായിരിക്കുവാൻ ബ. വികാരിയച്ചന്മാരും കുടുംബാംഗങ്ങളും ശ്രദ്ധിക്കണം. വി. കൂദാശയുടെ ദൈവികഭാവം തടസപ്പെടുത്തുന്ന രീതിയിൽ ഫോട്ടോഗ്രാഫർ, വീഡിയോഗ്രാഫർമാർ എന്നിവർ പ്രവർത്തിക്കാതിരിപ്പാൻ മുൻകൂട്ടി ബ. വികാരിയച്ചന്മാർ അവർക്ക് നിർദ്ദേശങ്ങൾ നൽകിയിരിക്കണം. വിവാഹവിരുന്നിൽ മിതത്വം പാലിക്കുന്നതിന് ഏവരും ശ്രദ്ധിക്കണമെന്നത് പ്രത്യേകം ഓർമ്മിപ്പിക്കുന്നു. സാധു പെൺകുട്ടികളെ വിവാഹത്തിന് സഹായിക്കുന്ന വിവാഹസഹായപദ്ധതികളിൽ സഹകരിക്കുന്നതിന് ഏവരും ശ്രദ്ധിക്കുന്നത് അനുഗ്രഹപ്രദമാണ്. വിവാഹകൂദാശവേളയിലെ സ്തോത്രകാഴ്ച ഈ നിയോഗത്തിൽ ക്രമീകരിക്കുന്നത് ഉചിതമായിരിക്കും.

**6. മലങ്കര കത്തോലിക്കാ ബാലസഖ്യം**

നമ്മുടെ സഭയിലെ കുഞ്ഞുങ്ങളുടെ വിശ്വാസ പരിശീലനത്തിനും വളർച്ചയ്ക്കും ആവശ്യമായ മാർഗ്ഗങ്ങൾ സണ്ടേസ്ക്കൂളിലൂടെയും മറ്റു മാർഗ്ഗങ്ങളിലൂടെയും നാം ചെയ്തു വരികയാണല്ലോ. ഭദ്രാസനങ്ങളിലും ഭദ്രാസനേതര കേന്ദ്രങ്ങളിലും ഫലപ്രദമായി ഈ ശുശ്രൂഷ നാം നിർവഹിക്കുന്നു. ഈ പ്രവർത്തനങ്ങൾ സഭാതലത്തിൽ പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് നിയോഗിച്ചിരിക്കുന്ന വിശ്വാസപരിശീലനത്തിനുവേണ്ടിയുള്ള സിനഡൽ കമ്മീഷനിലൂടെ കാര്യക്ഷമമായി ഏകോപിപ്പിച്ചുവരികയുമാണല്ലോ. ഇതോടുചേർന്ന് നമ്മുടെ ബാലികാ-ബാലന്മാരെ സംഘടനാപരമായും ഒന്നിപ്പിക്കുന്നതിന് പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് തീരുമാനിച്ചു. ഇതിലേക്കായി **മലങ്കര കത്തോലിക്കാ ബാലസഖ്യം** എന്ന ബാലസംഘടന രൂപീകരിക്കുന്നതാണ്. നമ്മുടെ സണ്ടേസ്ക്കൂൾ വിദ്യാർത്ഥികളെല്ലാവരും ഈ സംഘടനയുടെ അംഗങ്ങളായിരിക്കും. ഇടവകകളിൽ ഇതിന്റെ യൂണിറ്റുകൾ സ്ഥാപിക്കേണ്ടതാണ്. പ്രസ്തുത യൂണിറ്റുകൾ ഏകോപിപ്പിക്കുന്ന ഭദ്രാസന, ഭദ്രാസനേതര ഡയറക്ടർമാരും കമ്മിറ്റികളും ഉണ്ടായിരിക്കേണ്ടതാണ്. പരിശുദ്ധ കാതോലിക്കാബാവാ സഭാതല ഡയറക്ടറെ നിയമിക്കുന്നതാണ്. ബാലസഖ്യം വിശ്വാസപരിശീലനത്തിനുവേണ്ടിയുള്ള സിനഡൽ കമ്മീഷന്റെ മേൽനോട്ടത്തിലായിരിക്കും. തിരുവല്ലാ അതിഭദ്രാസനത്തിൽനിന്നുള്ള ബ. ജോർജ്ജ് തേക്കടയിൽ



അച്ചനെ മലങ്കര കത്തോലിക്കാ ബാലസഖ്യത്തിന്റെ സഭാതല ഡയറക്ടറായി നിയമിച്ചിരിക്കുന്നു.

**7. മലങ്കര കാത്തലിക് യൂത്ത് മൂവ്മെന്റ്**

നമ്മുടെ സഭയുടെ യുവജനപ്രസ്ഥാനമായ മലങ്കര കാത്തലിക് യൂത്ത് മൂവ്മെന്റിന്റെ (എം. സി. വൈ. എം.) പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നേറുന്നതിൽ നമുക്ക് അഭിമാനിക്കാം. നമ്മുടെ സഭയിലെ യുവജനങ്ങളുടെ ആദ്ധ്യാത്മികവും ബൗദ്ധികവും സാമൂഹ്യവും സാംസ്ക്കാരികവും രാഷ്ട്രീയവുമായ വളർച്ചയ്ക്കും പരിശീലനത്തിനുംവേണ്ടിയാണ് പ്രസ്തുത സംഘടന. സണ്ടേയ്ക്കൂൾ പരിശീലനം പൂർത്തിയാക്കിയ യുവജനങ്ങൾ ഈ സംഘടനയിലെ അംഗങ്ങളായിരിക്കും. ഈ സംഘടനയുടെ കാര്യക്ഷമമായ പ്രവർത്തനത്തിനായി ഇതിന്റെ അംഗങ്ങളുടെ പ്രായപരിധി 35 വയസ്സായി ഉയർത്തുവാൻ പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് തീരുമാനിച്ചു.

**8. ക്യാമ്പസ് മിനിസ്ട്രി**

നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന യുവജനങ്ങളുടെ അജപാലനപരവും ആദ്ധ്യാത്മികവും സഭാപരവും ബൗദ്ധികവും സാമൂഹ്യവുമായ രൂപീകരണത്തിനും വളർച്ചയ്ക്കുമായി ക്യാമ്പസ് മിനിസ്ട്രി സംഘടിപ്പിക്കുവാൻ പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് തീരുമാനിച്ചു. ഈ ശുശ്രൂഷ ഏകോപിപ്പിക്കുന്നതിനായി ഒരു സഭാതല ഡയറക്ടറെ നിയമിക്കുന്നതാണ്.

**9. സ്ഥിര ശെമ്മാശ്ശ ശുശ്രൂഷ (പെർമനെന്റ് ഡയക്കണേറ്റ്)**

സ്ഥിര ശെമ്മാശ്ശ ശുശ്രൂഷ (പെർമനെന്റ് ഡയക്കണേറ്റ്) നമ്മുടെ സഭയിൽ പുനരുദ്ധരിക്കണമെന്നുള്ള മുൻതീരുമാനമനുസരിച്ച് അതിനുള്ള പാഠ്യപദ്ധതി പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് അംഗീകരിച്ചു. നമ്മുടെ സെമിനാരി കമ്മീഷന്റെ ചെയർമാൻ അഭിവന്ദ്യ ഏബ്രഹാം മാർ യൂലിയോസ് തിരുമേനിയുടെ പ്രധാന മേൽനോട്ടത്തിൽ നടക്കുന്ന സ്ഥിര ശെമ്മാശ്ശ ശുശ്രൂഷ പഠനപദ്ധതി 2010 ജൂൺ മാസത്തിൽ മലങ്കര സെമിനാരിയിൽ ആരംഭിക്കുന്നതാണ്. മൂന്നു വർഷം നീണ്ടു നിൽക്കുന്ന പ്രസ്തുത പഠനത്തിന് ചേരുവാൻ ആഗ്രഹിക്കുന്നവർ തന്റെ ഭദ്രാസനാദ്ധ്യക്ഷനോ അപ്പസ്തോലിക് വിസിറ്റേറ്ററിനോ അപേക്ഷ സമർപ്പിക്കേണ്ടതാണ്. മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ പ്രത്യേക കാനോന സംഹിതയിൽ നൽകിയിരിക്കുന്ന ഇതു സംബന്ധമായ പ്രത്യേക നിയമ

ങ്ങൾ സ്ഥിര ശെമ്മാശ്ശപ്പട്ടത്തിനുള്ള അർത്ഥികൾ അറിഞ്ഞിരിക്കേണ്ടതാണ്. അത് ഭദ്രാസനാദ്ധ്യക്ഷൻ ലഭ്യമാക്കുന്നതാണ്.

**10. ആരാധനാ ആഘോഷങ്ങളിൽ സ്ത്രീകൾക്കുള്ള പങ്കാളിത്തം**

മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ പാരമ്പര്യത്തിന് വിധേയമായി നമ്മുടെ സഭയിലെ സ്ത്രീകൾക്ക് ആരാധനാ ആഘോഷങ്ങളിൽ സജീവമായ ഭാഗഭാഗിത്തം ഉണ്ടാകണമെന്ന് പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് ആഗ്രഹിക്കുന്നു. താഴെ വരുന്ന തീരുമാനങ്ങൾ അതിലേക്ക് കൈക്കൊണ്ടു.

(1) “മാമ്മോദീസാ സ്വീകരിച്ചവരെ പരിശുദ്ധ മദ്ബഹായിൽ പ്രവേശിപ്പിച്ച് മൂന്നുപ്രാവശ്യം ത്രോണോസിന് പ്രദക്ഷിണം വയ്പ്പിച്ച് ത്രോണോസിന്റെ കോണുകൾ മുത്തിക്കുന്ന” ക്രമത്തിൽ ആൺകുട്ടികളെയും പെൺകുട്ടികളെയും ഉൾപ്പെടുത്താവുന്നതാണ്.

(2) വിശുദ്ധ കുർബാനയിലും മറ്റ് ആരാധനാ ആഘോഷങ്ങളിലും കെസ്ത്രൂമയ്ക്ക് താഴെ ഹൈക്കലായിൽ നിന്നുകൊണ്ട് പഴയനിയമ വായനകളും വിശുദ്ധ പൗലോസ്ശ്ലീഹായുടെ ലേഖനങ്ങളും പെൺകുട്ടികൾക്കും സ്ത്രീകൾക്കും വായിക്കാവുന്നതാണ്.

(3) ഭദ്രാസനങ്ങളിലെ ഇടവകകളുടെ ആവശ്യാനുസരണം വിശുദ്ധ കുർബാന നൽകുവാനുള്ള അനുവാദം പ്രത്യേക പരിശീലനം ലഭിച്ചിട്ടുള്ള ബഹുമാനപ്പെട്ട സിസ്റ്റേഴ്സിന് ഭദ്രാസനാദ്ധ്യക്ഷൻ നൽകുന്നതാണ്. ഈ അനുവാദം വ്യക്തിപരമായിരിക്കും (Personal). മറ്റ് വ്യക്തികൾക്ക് കൈമാറാവുന്നതല്ല. ഏത് ഇടവകശുശ്രൂഷയ്ക്കായി നൽകിയിരിക്കുന്നുവോ അവിടെ മാത്രമേ ഈ അനുവാദം ഉപയോഗിക്കാവൂ. ഇവർക്കു ധരിക്കുവാനായി ഒരു പ്രത്യേക തിരുവസ്ത്രം നൽകുന്നതാണ്. 2010 ഉയിർപ്പു തിരുന്നാൾ മുതൽ ഈ ക്രമീകരണം പ്രാബല്യത്തിൽ വരുന്നതാണ്.

മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ പ്രത്യേക കാനോനസംഹിതയുടെ ക്രോഡീകരണം പൂർത്തിയായി വരികയാണ്. മേൽപറഞ്ഞ തീരുമാനങ്ങൾ അവയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. പരിശുദ്ധ സുന്നഹദോസ് ആഗ്രഹിക്കുന്നപ്രകാരം നമ്മുടെ സഭാജീവിതം ഏറ്റം അർത്ഥവത്താക്കുന്നതിനും സഭയുടെ ആന്തരികവും ബാഹ്യവുമായ ശുശ്രൂഷ നവീകരിക്കുന്നതിനും ഈ നിബന്ധനകൾ സഹായിക്കട്ടെ. സഭയ്ക്കു മുഴുവനുംവേണ്ടി കൂടുതൽ പ്രാർത്ഥിക്കുവാനും നമുക്ക് നൽകപ്പെട്ടിരിക്കുന്ന



ദൈവജനശുശ്രൂഷയിലൂടെ സഭയെ ബലപ്പെടുത്തുവാനും ഞാൻ നിങ്ങളെ ഏവരെയും സ്നേഹപൂർവ്വം ആഹ്വാനം ചെയ്യുന്നു.

പരിശുദ്ധ പിതാവിന്റെ ആഹ്വാനപ്രകാരം നാം ആചരിച്ചുവരുന്ന വൈദികവർഷം നമ്മുടെ സഭയിലെ വൈദികരുടെ ആത്മസമർപ്പണ നവീകരണത്തിന് ഉത്തേജകമായിരിക്കുന്നതിൽ ഞാനേറെ സന്തോഷിക്കുന്നു. നമ്മുടെ എല്ലാ കുടുംബങ്ങളും നമ്മുടെ ബ. വൈദികർക്കുവേണ്ടി ഹൃദയപൂർവ്വം പ്രാർത്ഥിക്കണം. പൗരോഹിത്യാധിഷ്ഠിതമായ സഭയുടെ ശുശ്രൂഷകർക്കുവേണ്ടി ദൈവജനം തീക്ഷ്ണമായി പ്രാർത്ഥിക്കുന്നത് തുടരുവാൻ ഞാൻ ഏവരേയും ആഹ്വാനം ചെയ്യുന്നു.

ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയത്തിന്റെയും, അപ്പസ്തോല സമൂഹത്തിന്റെയും, വിശിഷ്യാ നമ്മുടെ പിതാവായ മാർത്തോമ്മാ ശ്ലീഹായുടെയും, സകല വിശുദ്ധരുടെയും പ്രാർത്ഥനകളാൽ തന്നെ, ആമ്മീൻ.

എന്ന്,

കർത്താവിൽ നിങ്ങളുടെ വിനീതശുശ്രൂഷി



01.11.2009
കാതോലിക്കേറ്റ് സെന്റർ
പട്ടം, തിരുവനന്തപുരം

**മോറാൻ മോർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവാ**
മലങ്കര കത്തോലിക്കാസഭയുടെ മേജർ ആർച്ചുബിഷപ്പ്

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ...

N.B.: ഈ ഇടയലേഖനം അടുത്തുവരുന്ന ഞായറാഴ്ച വി. കുർബാനമദ്ധ്യേ നമ്മുടെ എല്ലാ ദൈവാലയങ്ങളിലും, മിഷൻ കേന്ദ്രങ്ങളിലും, ആരാധനാ കേന്ദ്രങ്ങളിലും വായിക്കേണ്ടതാണ്.

# 43-മത് ലോകസാമൂഹ്യസമ്പർക്കമാധ്യമദിനം
# 2009 നവംബർ 15 ഞായറാഴ്ച

പ്രമേയം: "പുതിയ സാങ്കേതികവിദ്യകളും പുതിയ ബന്ധങ്ങളും: ആദരത്തിന്റെയും സംവാദത്തിന്റെയും സൗഹൃദത്തിന്റെയും സംസ്ക്കാരം പ്രോൽസാഹിപ്പിക്കാൻ"

## പരിശുദ്ധ പിതാവിന്റെ സന്ദേശം

**പ്രിയ സഹോദരീ സഹോദരന്മാരെ,**

അടുത്തുവരുന്ന ലോകമാധ്യമദിനത്തിന് ഒരുക്കമായി ഈ വർഷം തിരഞ്ഞെടുത്തിരിക്കുന്ന 'പുതിയ സാങ്കേതികവിദ്യകളും പുതിയ ബന്ധങ്ങളും: ആദരത്തിന്റെയും സംവാദത്തിന്റെയും സൗഹൃദത്തിന്റെയും സംസ്കാരം പ്രോൽസാഹിപ്പിക്കാൻ' എന്ന പ്രമേയത്തെ പുരസ്കരിച്ച് ചില ചിന്തകൾ നിങ്ങളുമായി പങ്കുവയ്ക്കാനാഗ്രഹിക്കുന്നു. നിശ്ചയമായും, പുതിയ സാങ്കേതികവിദ്യകൾ, മനുഷ്യന്റെ സമ്പർക്കസംസർഗ്ഗരീതികളിൽ സമൂലമായ മാറ്റങ്ങൾ വരുത്തിക്കൊണ്ടിരിക്കുകയാണ്. മുതിർന്നവർക്ക് അന്യമായ ഈ വിദ്യകൾ അവർ ഇനിയും പഠിച്ചുവശത്താക്കേണ്ടിയിരിക്കുമ്പോൾ അവർക്കൊപ്പം വളരുന്ന ചെറുപ്പക്കാർക്ക് ഈ ഡിജിറ്റൽ ലോകം തികച്ചും സ്വന്തമാണ്. ഈ വർഷത്തെ മാധ്യമദിനസന്ദേശത്തിൽ, ഞാൻ ഈ ഡിജിറ്റൽ തലമുറയോട്, ചില ആശയങ്ങൾ- പുതിയ സാങ്കേതികവിദ്യകളുടെ അനിതരസാധാരണമായ ശക്തികളെ സംബന്ധിച്ചവ, അവ മനുഷ്യബുദ്ധിയെയും വൈകാരിക ഐക്യത്തോടും അഭിവൃദ്ധിപ്പെടുത്തുമെങ്കിൽ - പങ്കുവയ്ക്കുവാനായ് ആഗ്രഹിക്കുന്നു. നിശ്ചയമായും മനുഷ്യകുലത്തിനുള്ള സമ്മാനം തന്നെയായ അവ വ്യക്തികൾക്കും സമൂഹത്തിനും പ്രയോഗത്തിൽ നല്കുന്ന ഗുണഗണങ്ങൾ പാവപ്പെട്ടവർക്കും അശക്തർക്കും ലഭ്യമാക്കേണ്ടിയിരിക്കുന്നു.

അതീവ പ്രസരണശേഷിയുള്ള മൊബൈൽഫോണുകളും കമ്പ്യൂട്ടറുകളും ആഗോളതലത്തിൽ എവിടെയും കടന്നുചെല്ലുന്നതിനു കഴിവുള്ള ഇന്റർനെറ്റും ഒന്നുചേർന്ന് വാക്കുകളും ചിത്രങ്ങളും ഒരു പോലെ ഭൂഗോളത്തിൽ ഏതൊരു ഒറ്റപ്പെട്ട കോണിലും അതിശയിപ്പിക്കുന്ന ദൂരപരിധികളിൽ നിമിഷാർദ്ധം കൊണ്ട് എത്തിക്കുന്നതിന് ഇന്നുള്ള വിപുലമായ സാധ്യതകൾ മാധ്യമതലമുറകൾക്ക് തികച്ചും അചിന്ത്യങ്ങളായിരുന്നു. നവീനമാധ്യമങ്ങളുടെ, വ്യക്തികൾ തമ്മിലും വ്യക്തികളും സമൂഹങ്ങളും തമ്മിലുള്ള അതിവിപുലമായ സമ്പർക്കസാധ്യതകൾ, പ്രത്യേകിച്ചും യുവജനങ്ങൾ, ശരിക്കും മനസ്സിലാക്കിയവരാണ്. ആയതിനാൽ അവർ



ഇപ്പോഴുള്ള സുഹൃത്തുക്കളുമായ് സംവദിക്കുന്നതിനും പുതിയ സുഹൃത്തുക്കളെ കണ്ടെത്തുന്നതിനും, പുതിയ കൂട്ടായ്മകളും സമ്പർക്കശൃംഖലകളും സൃഷ്ടിക്കുന്നതിനും പുതിയ വാർത്തകളും അറിവുകളും നേടുന്നതിനും അവരുടെ ആശയങ്ങൾ പങ്കു വയ്ക്കുന്നതിനും നൂതനസാങ്കേതികവിദ്യകളെ ആശ്രയിക്കുന്നു. ആശയവിനിമയത്തിന്റെ ഈ പുതിയ സംസ്ക്കാരം ധാരാളം പ്രയോജനങ്ങൾ ഉള്ളതാണ്: കുടുംബങ്ങൾക്ക് വലിയ ദൂരങ്ങളെ മറികടന്ന് സമ്പർക്കത്തിലായിരിക്കാൻ കഴിയുന്നു. വിദ്യാർത്ഥികൾക്കും ഗവേഷകർക്കും ആവശ്യമായ രേഖകൾ, അടിസ്ഥാനപ്രമാണങ്ങൾ, ശാസ്ത്രീയഗവേഷണസ്രോതസ്സുകൾ എന്നിവയുമായി നേരിട്ടു ബന്ധപ്പെടുന്നതിനും കഴിയുന്നു. വിദൂരസ്ഥലങ്ങളിൽ നിന്ന് ഒരുമിച്ചു പ്രവർത്തിക്കുന്നതിന് സാധിക്കുന്നതോടൊപ്പം ആധുനികമാധ്യമങ്ങളുടെ പരസ്പരാശയവിനിമയത്തിനുള്ള സാധ്യതകൾ ഉപയോഗപ്പെടുത്തികൊണ്ട് അതിശക്തമായ ആശയവിനിമയവും അതുവഴി സാമൂഹികപുരോഗതിയും നേടാൻ കഴിയുന്നു. കാര്യക്ഷമതയിലും വിശ്വാസയോഗ്യതയിലും പുതിയ സാങ്കേതികവിദ്യകൾക്കുണ്ടായ ശീഘ്രപരിണാമം അത്ഭുതകരം തന്നെ. അവയുടെ വിപുലമായ ജനസമ്മിതി നമ്മളെ ആശ്ചര്യപ്പെടുത്തേണ്ടതില്ല. കാരണം മനുഷ്യന്റെ ആശയവിനിമയത്തിനും സൗഹൃദത്തിനുമുള്ള അദമ്യമായ ആഗ്രഹത്തെയാണ് അത് പ്രതിനിധാനം ചെയ്യുക. മനുഷ്യന്റെ അടിസ്ഥാനപ്രകൃതിയിൽ നിന്ന് ഉദ്ഭവിക്കുന്ന സൗഹൃദത്തിനും സംവാദത്തിനുമുള്ള അദമ്യമായ ആഗ്രഹത്തെയാണ് അത് പ്രതിനിധാനം ചെയ്യുക. മനുഷ്യന്റെ അടിസ്ഥാനപ്രകൃതിയിൽ നിന്ന് ഉദ്ഭവിക്കുന്ന സൗഹൃദത്തിനും സംവാദത്തിനുവേണ്ടിയുള്ള ഈ ത്വര ആധുനികസാങ്കേതിക വിദ്യകളോടുള്ള മമതയായി കാണേണ്ടതില്ല. പിന്നെയോ, ബൈബിളിന്റെ വെളിച്ചത്തിൽ സകലമനുഷ്യരെയും ഒരു കുടുംബമായി ഒന്നിപ്പിക്കുന്ന ദൈവസ്നേഹത്തിന്റെ ഐക്യത്തിലേക്കുള്ള ആഹ്വാനത്തിനുള്ള പ്രത്യുത്തരമായി മാത്രമേ ഇതിനെ കാണാൻ കഴിയൂ. മനുഷ്യപ്രകൃതിയിൽത്തന്നെ അന്തർലീനമായിരിക്കുന്ന സമ്പർക്കത്തിന്റെയും സമ്മേളനത്തിന്റെയുമായ ദൈവികച്ഛായയുടെ പ്രതിഫലനമാണത്.

ആധുനികസംസ്കാരത്തിൽ വളരെ വ്യക്തമായി ദൃശ്യമാകുന്ന പരസ്പരസമ്പർക്കത്തിലും ഐക്യത്തിലും ആയിരിക്കുന്നതിനുള്ള ഈ താത്പര്യം ശരിക്കും മനസ്സിലാക്കിത്തരുന്നത് മനുഷ്യന്റെ അകലങ്ങളിലേക്ക് ഗമിക്കുന്നതിനും ബഹുജനസമ്പർക്കത്തിനായും ഉള്ള ജന്മവാസനയാണ്. യഥാർത്ഥത്തിൽ നമ്മൾ മറ്റുള്ളവരോട് തുറവിയുള്ളവരാകുമ്പോൾ നമ്മുടെ മൗലികാവശ്യം നിറവേറ്റപ്പെടുകയും കൂടുതൽ മനുഷ്യത്വമുള്ളവരായിത്തീരുകയുമാണ്. സ്നേഹിക്കുന്നതിനുവേണ്ടിയാണ്

സ്രഷ്ടാവ് നമ്മെ രൂപപ്പെടുത്തിയിരിക്കുന്നത്. ആഴമില്ലാത്ത വെറും പൂച്ചു മാത്രമായ സ്നേഹത്തെക്കുറിച്ചല്ല ഞാൻ സംസാരിക്കുന്നത്. പിന്നെയോ യേശുനാഥൻ പറഞ്ഞുതന്ന യഥാർത്ഥസേനേഹത്തെക്കുറിച്ചാണ്:“നീ നിന്റെ ദൈവമായ കർത്താവിനെ പൂർണ്ണഹൃദയത്തോടും പൂർണ്ണാത്മാവോടും പൂർണ്ണമനസ്സോടും പൂർണ്ണശക്തിയോടും കൂടെ സ്നേഹിക്കുക... നിന്നെപ്പോലെതന്നെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക” (മാർക്കോസ് 12:30–31) ഈ വെളിച്ചത്തിൽ ആധുനികസാങ്കേതികവിദ്യകളെപ്പറ്റി സംസാരിക്കുമ്പോൾ പ്രാധാന്യമർഹിക്കുന്നത് അവയുടെ പരസ്പരസമ്പർക്കത്തിനുള്ള വലിയ കഴിവല്ല. പിന്നെയോ ഈ സമ്പർക്കം വഴി വിനിമയം ചെയ്യപ്പെടുന്ന സന്ദേശത്തിന്റെ ഗുണമാണ്. ആധുനിക സമ്പർക്കമാധ്യമങ്ങളുടെ ഉപയോക്താക്കളായ സന്മനസ്സുള്ള എല്ലാവരെയും പ്രോൽസാഹിപ്പിക്കുവാനാണ് ഞാൻ ആഗ്രഹിക്കുന്നത്– അവർ തങ്ങളുടെ ആശയവിനിമയ പ്രക്രിയയിൽ ആദരത്തിന്റെയും സംവാദത്തിന്റെയും സൗഹൃദത്തിന്റെയും സംസ്കാരം പടുത്തുയർത്തുന്നതിനായിട്ട്.

ആധുനിക സാങ്കേതികവിദ്യകളിലൂടെ വ്യാപനം ചെയ്യപ്പെടുന്ന വിവരങ്ങളുടെ ഉള്ളടക്കം സൃഷ്ടിക്കുന്നതിൽ വ്യാപൃതരായവർ മനുഷ്യവ്യക്തിയുടെ മഹത്വവും വിലയും ആദരിക്കുന്നവരായിരിക്കണം. പുതിയ സാങ്കേതികവിദ്യകൾ വ്യക്തികളുടെയും സമൂഹത്തിന്റെയും നന്മയ്ക്കുവേണ്ടിയാകണമെങ്കിൽ അവ പ്രായോഗിക്കുന്നവരെല്ലാം വാക്കുകളും ചിത്രങ്ങളും ഉപയോഗപ്പെടുത്തുമ്പോൾ അവയിലൂടെ വിദ്വേഷവും അസഹിഷ്ണുതയും പ്രോത്സാഹിപ്പിക്കാതെ, മാനുഷികബന്ധങ്ങളുടെയും ലൈംഗികതയുടെയും നന്മ നശിപ്പിക്കാതെ, ബലഹീനരായവരെ ചുഷണം ചെയ്യാതെയുമിരിക്കാൻ ശ്രദ്ധിക്കണം.

പുതിയ സാങ്കേതികവിദ്യകൾ വ്യത്യസ്തരാജ്യങ്ങളിലും സംസ്കാരങ്ങളിലും മതങ്ങളിലും ഉൾപ്പെട്ടവരുമായി സമ്പർക്കത്തിലായിരിക്കാൻ വളരെ സഹായിക്കുന്നുണ്ട്. പുതിയ ഡിജിറ്റൽ ലോകം അഥവാ‘സൈബർ സ്പെയ്സ്’ അവർക്ക് പരസ്പരം കണ്ടുമുട്ടുന്നതിനും തങ്ങളുടെ പാരമ്പര്യങ്ങളും മൂല്യങ്ങലും വിനിമയം ചെയ്യുന്നതിനും വേദിയൊരുക്കുന്നു. ഇത്തരം അഭിമുഖങ്ങൾ ഫലപ്രദമാകണമെങ്കിൽ സത്യസന്ധവും അനുയോജ്യവുമായ ആവിഷ്ക്കാരശൈലിയും പരസ്പരം ശ്രദ്ധയോടെയും ആദരത്തോടെയും കേൾക്കുന്നതിനുള്ള താത്പര്യവും സ്വീകരക്കേണ്ടതുണ്ട്. ഇത്തരം അവസരങ്ങളിൽ പരസ്പരധാരണയും സഹിഷ്ണുതയും വർദ്ധമാനമാകണമെങ്കിൽ അന്യോന്യം സത്യാന്വേഷണത്തിൽ ഉറച്ച ആശയവിനിമയം നടത്തിയിരിക്കണം. ജീവിതം സംഭവങ്ങളുടെയും അനുഭവ



ങ്ങളുടെയും ഒരു പരമ്പരയല്ല. അത് സത്യത്തിനും നന്മയ്ക്കും സൗന്ദര്യത്തിനുമായുള്ള അന്വേഷണമാണ്. സത്യാന്വേഷണത്തിലാണ് നാം നമ്മുടെ തിരഞ്ഞെടുപ്പുകൾ നടത്തുന്നത്, അതിനായാണ് നമ്മുടെ സ്വാതന്ത്ര്യം ഉപയോഗപ്പെടുത്തുന്നത്, അതിലാണ്– സത്യത്തിലും നന്മയിലും സൗന്ദര്യത്തിലുമാണ്, നമ്മൾ സന്തോഷവും ആനന്ദവും കണ്ടെത്തുക. നമ്മെ വെറും വില്പനചരക്കായി കാണുന്നവർ വ്യക്തിപരമായ ഇഷ്ടാനിഷ്ടങ്ങളും സത്യവും മാറ്റി പ്രതിഷ്ഠിക്കുന്നു.

സൗഹൃദം എന്ന ആശയം കഴിഞ്ഞ കുറേക്കാലമായി ഡിജിറ്റൽ ലോകത്തിലെ സാമൂഹികശൃംഖലകളിലെ പദസമുച്ചയത്തിൽ വീണ്ടും പ്രഥമ സ്ഥാനം കൈക്കലാക്കിയിരിക്കയാണ്. പ്രസ്തുത ആശയം മനുഷ്യസംസ്കാരത്തിന്റെ സമുന്നതമായ നേട്ടം തന്നെയാണ്. നാം നമ്മുടെ സുഹൃത്ബന്ധങ്ങളിലൂടെയാണ് മനുഷ്യരായി വളരുന്നതും വികസിക്കുന്നതും. ഇക്കാരണത്താൽ യഥാർത്ഥ സൗഹൃദം എക്കാലത്തും മനുഷ്യനനുഭവിക്കാവുന്ന ഏറ്റവും വലിയ നന്മയായി പരിഗണിക്കപ്പെടുന്നു. ആയതിനാൽ സുഹൃദ്ബന്ധം എന്ന ആശയത്തെ നാം ഒരിക്കലും നിസ്സാരവത്ക്കരിക്കരുത്. നമ്മുടെ സൈബർസൗഹൃദങ്ങൾ കുടുംബബന്ധങ്ങളെയും അയൽബന്ധങ്ങളെയും, ജോലിസ്ഥലത്തും സ്കൂളിലും കളിസ്ഥലത്തും ഉള്ള സൗഹൃദങ്ങളെയും ഉലയ്ക്കുന്നതാകാൻ പാടില്ല. ഇന്റർനെറ്റിലെ സാങ്കൽപിക ബന്ധങ്ങൾക്ക് അമിതപ്രാധാന്യം നല്കാൻ തുടങ്ങിയാൽ അത് വ്യക്തികളെ സാമൂഹികബന്ധങ്ങളിൽ നിന്ന് അകറ്റുകയും; വിശ്രമം,മൗനം, ധ്യാനം എന്നീ മാനുഷികവളർച്ചയ്ക്കും ആരോഗ്യത്തിനും ആവശ്യമായവയിൽ നിന്നു വേർപെടുത്തി ഒറ്റപ്പെടുത്തുകയും ചെയ്യും.

സുഹൃദ്ബന്ധം ഒരു വലിയ മാനുഷികഗുണമാണ്, എന്നാൽ അതിന്റെ പരമമായ ലക്ഷ്യത്തിൽ നിന്നു വ്യതിചലിച്ച് അതിനെത്തന്നെ ലക്ഷ്യമാക്കിയാൽ അതിന്റെ മഹത്ത്വം നഷ്ടപ്പെടുന്നതാണ്. സുഹൃത്തുക്കൾ പരസ്പരം സഹായിച്ചും സഹകരിച്ചും തങ്ങളുടെ കഴിവുകൾ വളർത്തിയെടുത്തും അവ മാനുഷ്യകുലത്തിന്റെ നന്മയ്ക്കായി പ്രയോജനപ്പെടുത്തണം. ഈ സന്ദർഭത്തിൽ മനുഷ്യനന്മയെ മുൻനിർത്തി രൂപംകൊണ്ടിട്ടുള്ള ഡിജിറ്റൽ ശൃംഘലക്കുടെ, മാനുഷിക ഐക്യത്തെയും സമാധാനത്തെയും നീതിയെയും വളർത്തുന്ന സമീപനം, സന്തോഷപ്രദമാണ്. ഇത്തരം ശൃംഖലകൾക്ക് വ്യത്യസ്തമേഖലകളിൽ നിന്നും സംസ്കാരങ്ങളിൽ നിന്നുമുള്ള, ജനങ്ങൾതമ്മിലുള്ള സഹകരണം വളർത്തുന്നതിനും അന്യോന്യമുള്ള ഉത്തരവാദിത്ത്വബോധം പൊതു നന്മക്കുവേണ്ടി വർദ്ധിപ്പിക്കുന്നതിനും കഴിയും. ആയതിനാൽ ഇത്തരം ഡിജിറ്റൽ ശൃംഖലകൾ എവിടെയെല്ലാം സാദ്ധ്യമാണോ അവിടെയോക്കെ അവ എല്ലാവർക്കും

വേണ്ടിയുള്ളതാണെന്ന് നാം ഉറപ്പുവരുത്തണം. മനുഷ്യകാലത്തിന് ആശയവിനിമയത്തിനുള്ള അതിവേഗ നൂതനമാർഗ്ഗങ്ങൾ സാമ്പത്തികമായി പിന്നോക്കം നില്ക്കുന്നവർക്ക് അപ്രാപ്യമായിവന്നാൽ ഭാവിയിൽ അത് പാവപ്പെട്ടവരുമായുള്ള അകലം വർദ്ധിപ്പിക്കുകയും വരുംകാലത്ത് മനുഷ്യപുരോഗതിയെ പ്രതികൂലമായി ബാധിക്കുകയും ചെയ്യും.

കത്തോലിക്കായുവജനങ്ങളെ ഉദ്ദേശിച്ച് ചില കാര്യങ്ങൾ അവതരിപ്പിച്ചുകൊണ്ട് ഡിജിറ്റൽ ലോകത്തിനായുള്ള അവരുടെ വിശ്വാസ സാക്ഷ്യം ബലപ്പെടുത്തിക്കൊണ്ട് ഞാനീ സന്ദേശം ഉപസംഹരിക്കാനുദ്ദേശിക്കുന്നു.

പ്രിയ സഹോദരങ്ങളേ, ഇൻഫർമേഷൻ ടെക്നോളജിയുടെ ഈ പുതിയ സാംസ്കാരികപരിതോവസ്ഥയിലേക്ക് നിങ്ങളുടെ ജീവിതത്തിൽ നിങ്ങൾ നേടിയിട്ടുള്ള മൂല്യങ്ങൾ പ്രസരിപ്പിക്കുക. സഭയുടെ ആദ്യകാല ചരിത്രത്തിൽ ശ്രേഷ്ഠരായ അപ്പസ്തോലന്മാരും അവരുടെ ശിഷ്യരും ക്രിസ്തുനാഥന്റെ സുവിശേഷം ഗ്രീസിലും റോമിലും കൊണ്ടുചെന്നു. അവരുടെ സംസ്ക്കാരങ്ങളും ആചാരങ്ങളും മനസ്സിലാക്കിക്കൊണ്ട് അവരുടെ മനസ്സിൽതട്ടുന്ന രീതിയിലാണ് അവർ സുവിശേഷപ്രഘോഷണങ്ങൾ നടത്തിയത്, അതുപോലെതന്നെ ഇന്നും, സൈബർ സംസ്ക്കാരത്തിന്റെ പൊരുൾ അറിഞ്ഞുകൊണ്ടേ, ഇന്നത്തെ ഡിജിറ്റൽ യുഗത്തിൽ ക്രിസ്തുവിനെ പ്രഘോഷിക്കാൻ കഴിയൂ. ഈ സംസ്ക്കാരം ശരിക്കും മനസ്സിലാക്കിയ യുവജനങ്ങൾക്കേ ഈ ഡിജിറ്റൽ ലോകത്തെ സുവിശേഷവത്ക്കരിക്കുന്നതിനുള്ള ഉത്തരവാദിത്വം ഏറ്റെടുക്കാൻ സാധിക്കൂ. നിങ്ങളുടെ സഹവർത്തികൾക്ക് ആവേശത്തോടെ സുവിശേഷസന്ദേശം നൽകാൻ മറക്കാതിരിക്കുക. അവരുടെ പ്രതീക്ഷകളും താത്പര്യങ്ങളും ഭയാശങ്കകളും നിങ്ങൾക്കറിവുള്ളതാണല്ലോ; അവർക്ക് നൽകാനുള്ള നിങ്ങളുടെ ഏറ്റവും വലിയ സമ്മാനം മനുഷ്യനായ ദൈവത്തെയാണ് - സഹിക്കുകയും മരിക്കുകയും സർവരെയും രക്ഷിക്കുന്നതിനുവേണ്ടി ഉയിർത്തെഴുന്നേല്ക്കുകയും ചെയ്ത ദൈവത്തെക്കുറിച്ചുള്ള സുവിശേഷം. മനുഷ്യഹൃദയങ്ങൾ സ്നേഹം നിലനില്ക്കുന്ന ലോകത്തിനായി ദാഹിക്കുകയാണ്, നന്മകൾ പങ്കുവയ്ക്കുന്ന, ഐക്യം വളർത്തുന്ന; സ്വാതന്ത്ര്യം സത്യത്തിൽ അർത്ഥം കണ്ടെത്തുന്ന; ആദരത്തോടെയുള്ള ഐക്യത്തിൽ വ്യക്തിത്വം കണ്ടെത്തുന്ന ലോകം. ഈ പ്രതീക്ഷകൾക്ക് നമ്മുടെ വിശ്വാസത്തിന് ഉത്തരം നൽകാൻ കഴിയും - നിങ്ങൾ ആ വിശ്വാസത്തിന്റെ പ്രചാരകരാകുക, പാപ്പാ നിങ്ങളോടൊപ്പമുണ്ട്, തന്റെ പ്രാർത്ഥനയിലൂടെ, ആശീർവാദത്തിലൂടെ.

വത്തിക്കാനിൽ നിന്ന് 24 ജനുവരി 2009, വിശുദ്ധ ഫ്രാൻസീസ് സാലസിന്റെ തിരുനാൾദിനത്തിൽ, ബനഡിക്ട് 16-ാമൻ പാപ്പാ.



# കാതോലിക്കേറ്റ് വാർത്തകൾ

## മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ഒൻപതാമത് പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസ്

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ഒൻപതാമത് പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് 2009 ഒക്ടോബർ 20 മുതൽ 23 വരെ പട്ടം കാതോലിക്കേറ്റ് സെന്ററിൽ നടന്നു. പ്രത്യേക കാനോന സംഹിതയുടെ അന്തിമ കരടുരേഖയ്ക്ക് പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് അംഗീകാരം നൽകി. "കോഡ് ഓഫ് പർട്ടിക്കുലർ കാനൻസ് ഓഫ് ദി സീറോ മലങ്കര കാത്തലിക് ചർച്ച്" എന്ന പേരിൽ പ്രസ്തുത നിയമസംഹിത, സഭയുടെ തലവനും പിതാവുമായ മേജർ ആർച്ചുബിഷപ്പ് മോറാൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവായുടെ കല്പനയോടെ പ്രാബല്യത്തിൽ വരുന്നതാണ്. കഴിഞ്ഞ അഞ്ചുവർഷമായി സഭാ നിയമ പണ്ഡിതന്മാരുടെ ചുമതലയിലുള്ള ഒരു വിദഗ്ദ സമിതിയുടെ നേതൃത്വത്തിൽ വിവിധ സമിതികളുടെയും അത്മായ പ്രതിനിധികളുടെയും ആലോചനായോഗങ്ങൾക്കുശേഷമാണ് പ്രത്യേക നിയമങ്ങൾക്കുള്ള കരട് തയ്യാറാക്കിയിരിക്കുന്നത്. നമ്മുടെ സഭയിൽ സ്ഥിരം ഡീക്കന്മാരെ നിയമിക്കുന്നതിനു മുൻപായി അവർക്കു നൽകുന്ന പരിശീലനത്തിനുള്ള പാഠ്യപദ്ധതിക്കും പരിശുദ്ധ സുന്നഹദോസ് രൂപം നൽകി. മൂന്നുവർഷം നീണ്ടുനിൽക്കുന്ന പരിശീലന പരിപാടി മലങ്കര സെമിനാരിയോടനുബന്ധിച്ചായിരിക്കും നടക്കുന്നത്. 2010 മുതൽ പരിശീലനം ആരംഭിക്കും. സഭാതലത്തിലുള്ള പ്രഥമ മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലി 2011-ൽ വിളിച്ചുചേർക്കും. അതിനു മുന്നോടിയായി 2010-ൽ ഭദ്രാസനതലത്തിലുള്ള അസംബ്ലികൾ അതാതു ഭദ്രാസനങ്ങളിൽ ചേരുന്നതാണ്. സഭയുടെ പ്രേഷിതദൗത്യം എന്നതായിരിക്കും അസംബ്ലിയുടെ പ്രധാന ചിന്താവിഷയം. നിലവിലുള്ള സഭൈക്യ പരിശ്രമങ്ങളെ സുന്നഹദോസ് വിലയിരുത്തുകയും കൂടുതൽ കാര്യക്ഷമമായ പ്രവർത്തനങ്ങൾക്ക് രൂപം കൊടുക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തു. സാർവത്രികസഭയിൽ വൈദികവർഷം ആചരിക്കുന്നതിന്റെ ഭാഗമായി 'മലങ്കര കത്തോലിക്കാ വൈദികസംഗമം' 2010 മാർച്ച് 16,17 തീയതികളിൽ തിരുവല്ലായിൽ നടക്കും.

മേജർ ആർച്ചുബിഷപ്പ് മോറാൻ മോർ ബസേലിയോസ് ക്ലീമിസ്

കാതോലിക്കാബാവായുടെ അദ്ധ്യക്ഷതയിൽ ചേർന്ന സുന്നഹദോസിൽ ആർച്ചുബിഷപ്പ് തോമസ് മാർ കൂറിലോസ്, ബിഷപ്പുമാരായ ഗീവർഗീസ് മാർ ദിവന്നാസിയോസ്, യൂഹാനോൻ മാർ ക്രിസോസ്റ്റം, ജോഷ്വാ മാർ ഇഗ്നാത്തിയോസ്, എബ്രഹാം മാർ യൂലിയോസ്, ജോസഫ് മാർ തോമസ്, ജേക്കബ് മാർ ബർണാബാസ് എന്നീ തിരുമേനിമാർ സംബന്ധിച്ചു.

# മേജർ അതിരൂപതാ വാർത്തകൾ

## ഭാഗ്യസ്മരണാർഹനായ ബനഡിക്ട് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തയുടെ 15-ാം ഓർമപ്പെരുന്നാൾ ആചരിച്ചു

ഭാഗ്യസ്മരണാർഹനായ ബനഡിക്ട് മാർ ഗ്രിഗോറിയോസ് മെത്രാപോലീത്തയുടെ 15-ാം ഓർമ്മപ്പെരുന്നാൾ ഒക്ടോബർ 9,10 തീയതികളിൽ ആചരിച്ചു. 9 ന് വെള്ളിയാഴ്ച മലങ്കര സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ 15-ാം ഓർമ്മപ്പെരുന്നാളിന്റെ ഭാഗമായി വികസന സെമിനാർ സംഘടിപ്പിച്ചു. ഉച്ചകഴിഞ്ഞ് 2.00 മണിയ്ക്ക് കോ-ബാങ്ക് ടവർ ഓഡിറ്റോറിയത്തിൽ അനുസ്മരണ സമ്മേളനം നടത്തപ്പെടുകയുണ്ടായി.വൈകിട്ട് 6.30 ന് പട്ടം മേജർ അതിഭദ്രാസന ദൈവാലയത്തിലെ കബറിട ചാപ്പലിൽ സന്ധ്യാപ്രാർത്ഥനയും ധൂപപ്രാർത്ഥനയും നടത്തി. 10-ാം തീയതി രാവിലെ 7 മണിയ്ക്ക് നാലാഞ്ചിറ കുരിശടി ജംഗ്ഷനിൽ നിന്ന് ആരംഭിച്ച ശാന്തിയാത്ര അതിഭദ്രാസന ദൈവാലയ കബറിട ചാപ്പലിൽ എത്തിയതിനെ തുടർന്ന് മോറാൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്ക ബാവായുടെ നേതൃത്വത്തിൽ വിശുദ്ധ കുർബാന നടന്നു. വി.കുർബാന മധ്യേ തിരുവനന്തപുരം മേജർ അതിരൂപതയുടെ സഹായ മെത്രാൻ അഭിവന്ദ്യ ജോസഫ് മാർ തോമസ് മെത്രാപ്പോലീത്ത വചന പ്രഘോഷണം നടത്തി. അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസ്റ്റോസ്റ്റം മെത്രാപ്പോലീത്ത, അഭിവന്ദ്യജോഷ്വാ മാർ ഇഗ്നാത്തിയോസ് മെത്രാപ്പോലീത്ത എന്നീ തിരുമേനിമാർ സഹ കാർമ്മികർ ആയിരുന്നു. നാലാഞ്ചിറ ബനഡിക്ട് നഗറിൽ ആരംഭിച്ച ആർച്ചുബിഷപ്പ് മാർ ഗ്രിഗോറിയോസ് സ്നേഹവീടിന്റെ ഔപചാരികമായ ഉദ്ഘാടനം സ്നേഹവീട് അങ്കണത്തിൽ അന്നേദിവസം രാവിലെ 11 മണിക്ക് നടന്ന സമ്മേളനത്തിൽ വച്ച് കേന്ദ്ര ആഭ്യന്തരമന്ത്രി ശ്രീ. മുല്ലപ്പള്ളി രാമചന്ദ്രൻ നിർവ്വഹിച്ചു.



## സോണൽ വൈദികസമ്മേളനങ്ങൾ

പൗരോഹിത്യവർഷാചരണത്തിന്റെ ഭാഗമായി കിഴക്കേത്തെരുവ് പള്ളിയിലും പട്ടം സെന്റ് മേരീസ് കത്തീഡ്രലിലും സോണൽ വൈദികസമ്മേളനങ്ങൾ നടന്നു. അടൂർ, കൊട്ടാരക്കര, ആയൂർ, പുനലൂർ വൈദികജില്ലകളിലെ വൈദികരാണ് കിഴക്കേത്തെരുവ് പള്ളിയിൽ ഒത്തുചേർന്നത്. ഒക്ടോബർ 13 ചൊവ്വാഴ്ച രാവിലെ 9.30 ന് പ്രാർത്ഥനാ ശുശ്രൂഷയോടെ സമ്മേളനം ആരംഭിച്ചു. റവ.ഫാ മാത്യു ചന്ദ്രകുന്നേൽ ക്ലാസ്സെടുത്തു. ഉച്ചയ്ക്ക് രണ്ടിന് ആരംഭിച്ച പങ്കുവയ്ക്കൽ സമ്മേളനം അതീവഹൃദ്യമായിരുന്നു. റവ. ഫാ. തോമസ് തെക്കേടത്ത്, റവ.ഫാ. ജോൺസൺ ചരിവുകാലായിൽ, റവ.ഫാ. ആൽബർട്ട് വടക്കേമുറിയിൽ, റവ. ഫാ. സാമുവൽ വറുഗീസ് തുടങ്ങിയവർ പൗരോഹിത്യ ജീവിതാനുഭവങ്ങൾ പങ്കുവച്ച് സംസാരിച്ചു. പൗരോഹിത്യ ജീവിതാനുഭവങ്ങളിൽ ഊന്നിനിന്നുകൊണ്ടാണു മോറാൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവയും സമാപന സന്ദേശം നല്കിയത്.

കിളിമാനൂർ, കഴക്കൂട്ടം, നെടുമങ്ങാട്, തിരുവനന്തപുരം, നെയ്യാറ്റിൻകര, കാട്ടാക്കട, പാറശ്ശാല വൈദികജില്ലകളിലെ ബഹു. വൈദികർ ഒക്ടോബർ 27 ന് പട്ടം സെന്റ് മേരീസ് കത്തീഡ്രലിൽ ഒന്നിച്ചുകൂടി. 92 വൈദികർ ഈ സമ്മേളനത്തിൽ സംബന്ധിച്ചു. കാലം ചെയ്ത ആർച്ചുബിഷപ്പ് ഡാനിയേൽ അച്ചാരുപറമ്പിൽ തിരുമേനിയെ അനുസ്മരിച്ചുകൊണ്ടാണു സമ്മേളനം ആരംഭിച്ചത്. ധൂപപ്രാർത്ഥനയെ തുടർന്ന് മോറാൻ മോർ ബസ്സേലിയോസ് ക്ലീമിസ് കാതോലിക്കാബാവ അനുസ്മരണ പ്രഭാഷണം നടത്തി. തുടർന്ന് റവ. ഡോ. മാണി പുതിയേടം 'പൗരോഹിത്യവും പൗരോഹിത്യശുശ്രൂഷയും' എന്ന വിഷയത്തിൽ ക്ലാസ്സെടുത്തു. ഉച്ചകഴിഞ്ഞ് 2 ന് ആരംഭിച്ച പങ്കുവയ്ക്കൽ സമ്മേളനത്തിൽ വന്ദ്യ ജോസഫ് ഞായല്ലൂർ റമ്പാൻ, വന്ദ്യസാമുവൽ മണ്ണിൽറമ്പാൻ, റൈറ്റ് റവ. വറുഗീസ് മാവേലിൽ കോർ എപ്പിസ്ക്കോപ്പ്, റവ. ഫാ. സെബാസ്റ്റ്യൻ കണ്ണന്താനം, റവ. ഫാ. ജോൺ കുരിയടത്തേരിൽ, റവ.ഡോ. തോമസ് കുളങ്ങര, റവ.ഫാ. അലക്സാണ്ടർ കോയിക്കലേത്ത്, റവ.ഫാ. സെബാസ്റ്റ്യൻ ഒ.ഐ.സി, റവ.ഫാ. ഗീവറുഗീസ് വലിയചാങ്ങേവീട്ടിൽ, റവ.ഫാ മാത്യു മരോട്ടിമൂട്ടിൽ, റവ. ഡോ. കുര്യൻ വാലുപറമ്പിൽ തുടങ്ങിയവർ തങ്ങളുടെ പൗരോഹിത്യജീവിതാനുഭവങ്ങൾ പങ്കു വച്ചു. മോറാൻ മോർ ബസ്സേലിയോസ് ക്ലീമിസ് കാതോലിക്കാബാവ സമാപനസന്ദേശം നല്കി. മുഖ്യവികാരിജനറാൾ മോൺ. ജയിംസ് പാറവിള കൃതജ്ഞത പറഞ്ഞു. രണ്ടു സോണൽ സമ്മേളനങ്ങളിലും അഭിവന്ദ്യ കാതോലിക്കാബാവ തിരുമേനി ആദ്യവസാനം

സംബന്ധിച്ചു. പൗരോഹിത്യജീവിതത്തിന്റെ വൈവിധ്യമാർന്ന അനുഭവങ്ങളുമായി വൈദിക കൂട്ടായ്മകളിൽ ഒത്തുകൂടിയവർക്കെല്ലാം ശാക്തീകരണത്തിന്റെയും പുന:സമർപ്പണത്തിന്റെയും പുതു ചൈതന്യം പകർന്ന അനുഭവമായി ഈ ഒത്തുചേരൽ.

## വൈദിക ധ്യാനം

തിരുവനന്തപുരം മേജർ അതിരൂപതയിലെ ബഹു. വൈദികരുടെ ധ്യാനം രണ്ടു ബാച്ചുകളായി ശ്രീകാര്യം മരിയറാണി സെന്ററിൽ വച്ച് നടക്കും.

**ആദ്യബാച്ച്** : നവംബർ 16 മുതൽ 20 വരെ

**നയിക്കുന്നത്** : റവ. ഡോ. ജേക്കബ് നാലുപാറ എം.സി.ബി.എസ്.

**രണ്ടാമത്തെ ബാച്ച്** : നവംബർ 30 മുതൽ ഡിസംബർ 4 വരെ

**നയിക്കുന്നത്** : റവ. ഡോ.പോൾ തേലക്കാട്ട്

## കൂദാശ ചെയ്തു

**ബാർട്ടൻ ഹിൽ സെന്റ് പീറ്റർ & പോൾസ് ദൈവാലയ**ത്തിന്റെ നവീകരിച്ച മദ്ബഹയുടെയും, പുതുതായി നിർമ്മിച്ച കുരിശടിയുടെയും കൂദാശ 2009 ഒക്ടോബർ മാസം 4-ാം തീയതി മോറാൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ നിർവ്വഹിച്ചു. പരിപാടികൾക്ക് ഇടവക വികാരി റവ.ഫാ. തോമസ് കുഴിനാപ്പുറത്ത് നേതൃത്വം നല്കി.

**മൈലക്കര സെന്റ് പോൾസ് ദൈവാലയ**ത്തിന്റെ പുതുതായി നിർമ്മിച്ച കുരുശടിയുടെ കൂദാശ 2009 ഒക്ടോബർ മാസം 25-ാം തീയതി മോറാൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്ക ബാവ നിർവ്വഹിച്ചു. പരിപാടികൾക്ക് ഇടവക വികാരി റവ.ഫാ. ഗീവർഗീസ് പാലമൂട്ടിൽ തെക്കേതിൽ നേതൃത്വം നല്കി.

# കുടുംബ പ്രേഷിത കാര്യാലയം

## വിവാഹ ഒരുക്ക സെമിനാർ

നവംബർ 13,14,15 തീയതികളിൽ തിരുവനന്തപുരം മാർ ഗ്രിഗോറിയോസ് റിന്യൂവൽ സെന്ററിൽ വച്ചും ഡിസംബർ 11,12, 13 തീയതികളിൽ പഴകുളം പാസ്സിൽ വച്ചും വിവാഹ ഒരുക്ക സെമിനാർ നടത്തുന്നതാണ്.



## മാതൃ മഹോത്സവം 2009-2010

തിരുവനന്തപുരം മേജർ അതിരൂപതയിലെ മാതൃസംഘാംഗങ്ങളുടെ സർഗ്ഗവാസനകളെ പരിപോഷിപ്പിക്കുന്നതിനും കൂട്ടായ്മ ശക്തിപ്പെടുത്തി കൂടുതൽ ക്രിയാത്മകമാക്കുന്നതിനും മാതൃമഹോത്സവം 2009-10 എന്ന പേരിൽ ബൈബിൾ കലോത്സവം സംഘടിപ്പിക്കുന്നു. യൂണിറ്റ്, ജില്ല, മേജർ അതിരൂപതാ തലങ്ങളിലായിരിക്കും മത്സരങ്ങൾ നടക്കുക. യൂണിറ്റ്, ജില്ലാതല മത്സരങ്ങൾ യഥാസമയം നടത്തി മത്സര വിജയികളിൽ ഒന്നാം സ്ഥാനം നേടിയവരുടെ പേരുവിവരങ്ങൾ 2010 ജനുവരി 10-ാം തീയതിക്കകം അതിഭദ്രാസന കുടുംബപ്രേഷിത കാര്യാലയം കോ-ഓഡിനേറ്റർ സിസ്റ്ററിന്റെ പക്കൽ ലഭിക്കേണ്ടതാണ്. താമസിച്ചു കിട്ടുന്ന ലിസ്റ്റുകൾ പരിഗണിക്കാനാവില്ല.

**മേജർ അതിരൂപതാമത്സരവേദി: അഞ്ചൽ സെന്റ് ജോൺസ് കോളേജ്**

**തീയതി** : **2010 ജനുവരി 26 ചൊവ്വ**

**രജിസ്ട്രേഷൻ** : **09 am**

**മത്സരം ആരംഭിക്കുന്നത്** : **10 am**

**മത്സര ഇനങ്ങൾ**

1 ലളിത ഗാനം : 3 മിനിറ്റ്- ക്രിസ്തീയഗാനങ്ങൾ - ക്ലാസിക്കൽ സെമിക്ലാസിക്കൽ പാടില്ല

2 പ്രസംഗം : 5 മിനിറ്റ്

**വിഷയങ്ങൾ**

എ. ജീവൻ ദൈവത്തിന്റെ ദാനം

ബി. പുരാഹിതൻ യാഗവേദിയിൽ

സി. ആഢംബരം ഇന്നിന്റെ ആപത്ത്.

(5 മിനിറ്റ് മുമ്പ് പ്രസംഗ വിഷയം അവരവർതന്നെ നറുക്കിലൂടെ എടുക്കുന്നതായിരിക്കും)

3 മോണോ ആക്ട് : (ബൈബിളധിഷ്ഠിതം) 5 മിനിറ്റ്.

4 ആരാധനാഗീതം : 7 പേർ- 7 മിനിറ്റ്

**വിശുദ്ധ കുർബാന ക്രമത്തിലെ അനുബന്ധങ്ങൾ**

വി.കുർബ്ബാനയിൽ മാറി വരുന്ന ഗീതങ്ങളും മേല്പട്ടക്കാരുടെ ശുശ്രൂഷാവേളയിൽ ചൊല്ലുന്ന ഗീതങ്ങളും.

(മത്സര ദിവസം ചൊല്ലേണ്ട ഗീതങ്ങൾ നല്കുന്നതാണ്).

5 **ബൈബിൾ ക്വിസ്സ്** (ഒരു ടീമിൽ 3 പേർ)

എ ഉല്പത്തി 27-50 വരെ അദ്ധ്യായങ്ങൾ

ബി യോഹന്നാൻ എഴുതിയ ലേഖനങ്ങളും യൂദാ എഴുതിയ ലേഖനവും.

മത്സര വിജയികളുടെ സമ്മാനങ്ങളും ട്രോഫികളും സമാപന സമ്മേളനത്തിൽ നല്കുന്നതാണ്. മുൻവർഷത്തെ ട്രോഫികൾ മത്സരത്തിന് മുമ്പായി ഏല്പിക്കേണ്ടതാണ്.


സിസ്റ്റർ സൂസൻ എസ്.ഐ.സി<br>
കോ- ഓർഡിനേറ്റർ<br>
ക്ലർജി ഹോം, മാർ ഇവാനിയോസ് നഗർ<br>
കേശവദാസപുരം, തിരുവനന്തപുരം-695004<br>
**ഫോൺ : 9496252597**

ഫാ. എബ്രഹാം മണ്ണിൽ<br>
ഡയറക്ടർ<br>
**ഫോൺ : 9447455936**


## വിശ്വാസപരിശീലന പരിപാലനകാര്യാലയം

### സർഗോത്സവം 2009

വിശ്വാസപരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്ന കുഞ്ഞുങ്ങളുടെ സർഗാത്മക കഴിവുകൾ വികസിപ്പിക്കുന്നതിനായി എല്ലാവർഷവും നടത്തി വരുന്ന 'സർഗോത്സവ'ത്തിന്റെ ഈ വർഷത്തെ അതിരൂപതാതല മത്സരം 2009 നവംബർ 27-ാം തീയതി അഞ്ചൽ സെന്റ് ജോൺസ് കോളേജിൽ വച്ച് നടത്തപ്പെടുന്നു.

**മത്സരസമയക്രമം**

9.00 am രജിസ്ട്രേഷൻ

9.30 am ഉദ്ഘാടനം

10.00 am മത്സരങ്ങൾ (7 സ്റ്റേജുകളിലായി)

2008 - 2009 അദ്ധ്യായന വർഷത്തിൽ 3 മുതൽ 12 വരെ ക്ലാസുകളിലെ സൺഡേസ്കൂൾ പരീക്ഷക്ക് അതിരൂപതാതലത്തിൽ 1,2,3 റാങ്ക് കരസ്ഥമാക്കിയവർക്കുള്ള കാഷ് അവാർഡുകളും, രചനാ മത്സര വിജയികൾക്കുള്ള സമ്മാനങ്ങളും രാവിലെ ഉദ്ഘാടന സമ്മേളനത്തിൽ വച്ച് വിതരണം ചെയ്യുന്നതാണ്. സമ്മാനാർഹരായ കുട്ടികൾ കൃത്യസമയത്ത് എത്തിച്ചേരുവാനുള്ള ക്രമീകരണം ചെയ്യേണ്ടതാണ്.



**ഒന്നാം സെമസ്റ്റർ പരീക്ഷ**

2009 നവംബർ 8-ാം തീയതി ഉച്ചക്ക് 2 മണി മുതൽ 4 മണിവരെ അതാത് ഇടവകകളിൽ വച്ച് നടത്തപ്പെടുന്നു. പരീക്ഷാതീയതി, സമയം ഇവയിൽ കൃത്യത പാലിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പരീക്ഷയുടെ മാർക്ക് ലിസ്റ്റിന്റെ കോപ്പി 2009 നവംബർ 30-ാം തീയതിക്കകം കേന്ദ്ര ഓഫീസിലേക്ക് അയച്ചു തരേണ്ടതാണ്.

## എം.സി.വൈ.എം. വാർത്തകൾ

### എം.സി.വൈ.എം അംഗങ്ങളുടെ പ്രായപരിധി വർദ്ധിപ്പിച്ചു

മലങ്കര കത്തോലിക്കാ സഭയിലെ യുവജനപ്രസ്ഥാനമായ എം.സി.വൈ.എം അംഗങ്ങളുടെ പ്രായപരിധി 15 നും 30 നും മദ്ധ്യേ എന്നുള്ളത് 15 നും 35 നും മദ്ധ്യേയാക്കി മാറ്റിയിരിക്കുന്നു എന്ന് മലങ്കര കത്തോലിക്കാ സഭയുടെ യൂത്ത് കമ്മീഷൻ ചെയർമാൻ മോറാൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവാ അറിയിച്ചു കൊള്ളുന്നു.

### എം.സി.വൈ.എം തെരഞ്ഞെടുപ്പ്

മുപ്പത്തിയഞ്ച് വയസുവരെ പ്രായമുള്ള മലങ്കര കത്തോലിക്ക യുവതീയുവാക്കളെ ഉൾപ്പെടുത്തി യൂണിറ്റ് ജില്ല ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് നവംബർ 7 ന് മുമ്പായി യൂണിറ്റ് തലത്തിലും, ജില്ലാതല ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് നവംബർ 15 ന് ജില്ലാതലത്തിലും നടക്കപ്പെടുന്നതാണ്. ഡിസംബർ മാസത്തിലാണ് അതിരൂപതാ സമിതിയിലേയ്ക്കുള്ള തെരഞ്ഞെടുപ്പ് നടത്തപ്പെടുന്നത്. ദൈവ വിശ്വാസത്തിൽ ആഴമുള്ളവരും, ആദ്ധ്യാത്മിക ജീവിതത്തിൽ മാതൃകയുള്ളവരുമായ, കഴിവുള്ള യുവതീ യുവാക്കളെ നേതൃത്വ നിരയിലേയ്ക്ക് തെരഞ്ഞെടുക്കുവാൻ യൂണിറ്റ് തലത്തിൽ തന്നെ ശ്രദ്ധിക്കേണ്ടതാണ്.

### യുവോത്സവ് - 2009

മേജർ അതിരൂപത കലോത്സവം നവംബർ 14 ന് അഞ്ചൽ സെന്റ് ജോൺസ് കോളേജിലും, സ്കൂളിലുമായ് നടത്തപ്പെടുന്നു. രാവിലെ 9 മണിയ്ക്ക് മത്സരങ്ങൾ ആരംഭിക്കുന്നതാണ്.

## കേരളാ ലേബർമൂവ്മെന്റ് (KCM)

### സെമിനാർ നടത്തി

കേരളാ ലേബർ മൂവ്മെന്റിന്റെ ആഭിമുഖ്യത്തിൽ "സത്യത്തിൽ സ്നേഹം" എന്ന ബനഡിക്ട് പതിനാറാമൻ മാർപ്പാപ്പായുടെ ആദ്യത്തെ സാമൂഹിക ചാക്രികലേഖനത്തെക്കുറിച്ച് സെമിനാർ 2009 ഒക്ടോബർ 21 ബുധനാഴ്ച തിരുവനന്തപുരം പ്രസ്ക്ലബിൽ വച്ച് നടത്തി. മന്ത്രി ബിനോയ് വിശ്വം ഉദ്ഘാടനം നിർവ്വഹിച്ച സെമിനാറിൽ ബി.ആർ.പി ഭാസ്ക്കർ, പി.പി.ജയിംസ്, മോൺ. യൂജിൻ പെരേര, ഫാ. ജയ്സൺ എന്നിവർ പ്രസംഗിച്ചു. സംസ്ഥാന ജനറൽ സെക്രട്ടറി ബിന്നി ജോസഫ്, സോണൽ ഡയറക്ടർ ഫാ. ജോൺ അരീക്കൽ എന്നിവർ നേതൃത്വം നല്കി.

## മദ്യവിരുദ്ധസമിതി

മദ്യഷാപ്പുകൾക്ക് ലൈസൻസ് നല്കുന്നത് സംബന്ധിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മുമ്പുണ്ടായിരുന്ന അധികാരങ്ങൾ പുന:സ്ഥാപിക്കണമെന്നാവശ്യമുന്നയിച്ച് വിവിധ കേന്ദ്രങ്ങളിൽ സത്യാഗ്രഹം നടത്തിവരികയാണ്. മൂന്നുമേഖലകളിലായി തിരിച്ച് കൊല്ലത്തും തൃശ്ശൂരും കണ്ണൂരും യോഗങ്ങൾ സംഘടിപ്പിച്ചു. വിവിധ യോഗങ്ങളിൽ മേജർ അതിരൂപതാ പ്രസിഡന്റ് ശ്രീ. തോമസ് ചെറിയാൻ, സെക്രട്ടറി ബിജു, ഡയറക്ടർ ഫാ.ജോൺ അരീക്കൽ എന്നിവർ പങ്കെടുത്തു.

## ദളിത് ക്ഷേമ കാര്യാലയം

### സംസ്ഥാനത്രിദിന ക്യാമ്പ്

ദളിത് ശാക്തീകരണത്തിന്റെ ഭാഗമായി സംസ്ഥാനതല ശാക്തീകരണ ക്യാമ്പ് 2009 നവംബർ 27,28,29 തീയതികളിൽ കോട്ടയം വിമലഗിരി പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തുന്നതാണ്. ക്യാമ്പിന്റെ ഉദ്ഘാടന യോഗത്തിൽ കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ സ്റ്റീഫൻ അത്തിപ്പൊഴിയിൽ അദ്ധ്യക്ഷതവഹിക്കും. തിരുവല്ലാ അതിരൂപതാ ആർച്ച് ബിഷപ്പ് അഭിവന്ദ്യ ഡോ. തോമസ് മാർ കുറിലോസ് തിരുമേനി ഉദ്ഘാടനം ചെയ്യും. 28-ാം തീയതി കെ.സി.ബി.സി അദ്ധ്യക്ഷൻ അഭിവന്ദ്യജോഷാ മാർ ഇഗ്നാത്തിയോസ് പിതാവും പുനലൂർ രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ സിൽവസ്റ്റർ



പൊന്നുമുത്തൻ പിതാവും ക്ലാസുകളെടുക്കും. സമാപന സമ്മേളനം അഭിവന്ദ്യ ജോസഫ് പൗവ്വത്തിൽ പിതാവ് ഉത്ഘാടനം ചെയ്യും.

### പാർലമെന്റ് ധർണ്ണ

ദളിത് ക്രൈസ്തവരെ പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തി സംവരണം നല്കണമെന്നാവശ്യപ്പെട്ടുകൊണ്ട് സുപ്രീം കോടതിയിൽ നിലവിലുള്ള കേസിനോട് സർക്കാർ ആലംഭാവം കാട്ടുന്നതിനെതിരെ 2009 നവംബർ 18-ാം തീയതി ബുധനാഴ്ച പാർലമെന്റ് മന്ദിരത്തിനുമുമ്പിൽ ഇൻഡ്യയിലെ ദളിത് ക്രൈസ്തവ പ്രിതനിധികൾ ധർണ്ണ നടത്തുന്നതാണ്. കേരളത്തിലെ വിവിധ രൂപതകളിൽ നിന്നുള്ള പ്രതിനിധികളും മറ്റ് സഭകളിൽ നിന്നുള്ളവരും ഈ ധർണ്ണയിൽ പങ്കെടുക്കുന്നതാണ്. നമ്മുടെ മേജർ അതിരൂപതയിൽനിന്ന് ഡയറക്ടർ ഫാ. ജോൺ അരീക്കൽ ധർണ്ണയിൽ പങ്കെടുക്കും.

### ദളിത് യുവജനസെമിനാർ

തിരുവനന്തപുരം മേഖലയിലെ രൂപതകളിൽ നിന്നുള്ള ദളിത് യുവജനങ്ങൾക്കുവേണ്ടി 2009 നവംബർ 7 ശനിയാഴ്ച നെയ്യാറ്റിൻകര NIDS -ൽ വച്ച് ഏകദിനസെമിനാർ നടത്തുന്നതാണ്. പാറശ്ശാല, നെയ്യാറ്റിൻകര കാട്ടാക്കട വൈദിക ജില്ലകളിൽ നിന്ന് 30 യുവജനങ്ങൾ പ്രസ്തുത ക്യാമ്പിൽ സംബന്ധിക്കണമെന്ന് ഡയറക്ടർ ഫാ. ജോൺ അരീക്കൽ അറിയിക്കുന്നു.

## തടവറപ്രേഷിത കാര്യാലയം

### ജീസസ് ഫ്രട്ടേണിറ്റി

17-ാമത് മൺവിള സ്നേഹാശ്രമവാർഷികം ഒക്ടോബർ 10 ശനിയാഴ്ച രാവിലെ വി.കുർബാനയോടെ ആരംഭിച്ചു. വി.കുർബാനയ്ക്കുശേഷം സോണൽ സെക്രട്ടറി ഫിലിപ്പോസ് വിശിഷ്ടാതിഥികളെ സ്വാഗതം ചെയ്തു. തുടർന്ന് ജീസസ് ഫ്രട്ടേണിറ്റി മുൻഡയറക്ടർ ഫാ. അലക്സാണ്ടർ കുരീക്കാട്ടിലിന്റെ അദ്ധ്യക്ഷതയിൽ നടന്ന വാർഷികയോഗം തിരുവനന്തപുരം സെൻട്രൽ ജയിൽ സൂപ്രണ്ട് ശ്രീ. രാധാകൃഷ്ണൻ ഉത്ഘാടനം ചെയ്തു. മോൺ.വിൽഫ്രെട്ട് അനുഗ്രഹപ്രഭാഷണം നടത്തി. ഫാ. ജോസഫ് മക്കോളി, കേണൽ ഡിസൂസ എന്നിവർ ആശംസകൾ നേർന്നു. സ്നേഹാശ്രമത്തിന്റെ പ്രവർത്തനറിപ്പോർട്ട് ആശ്രമ ഡയറക്ടർ സിസ്റ്റർ മറിയം ഡി.എസ്.എസ് അവതരിപ്പിച്ചു.

## സ്വീകരണം നല്കി

കെ.സി.ബി.സി ജസ്റ്റീസ് പീസ് ആൻസ് ഡവലപ്മെന്റിന്റെ കീഴിൽ ശുശ്രൂഷ നടത്തുന്ന ജീസസ് ഫ്രട്ടേണിറ്റിയുടെ സംസ്ഥാന ഡയറക്ടറായി സ്ഥാനമേറ്റ റവ. ഫാ. സെബാസ്റ്റ്യൻ തെക്കേനത്തിന് തിരുവനന്തപുരം സോണിന്റെ ആഭിമുഖ്യത്തിൽ മൺവിള സ്നേഹാശ്രമത്തിൽ വച്ച് നവംബർ 1 ന് സ്വീകരണം നല്കി. തദവസരത്തിൽ സോണൽ സെക്രട്ടറി ഫിലിപ്പോസ്, സോണൽ ഡയറക്ടർ ഫാ. ജോൺഅരീക്കൽ, സിസ്റ്റർ മറിയം എന്നിവർ പ്രസംഗിച്ചു.

# അറിയിപ്പുകൾ

**NEW APPOINTMENTS**

Rev. Fr. Arunraj Erathu - Vicar, Malankara Catholic Churches, Kannaravila-Kodangavila-Punnakkulam.

Rev. Fr. Vilayil Varghese - Asst. Vicar, Malankara Catholic Churches, Kochukulam-Thonnikkadavu.

**CHANGE OF ADDRESS**

Rev. Fr. Arunraj Erathu, Malankara Catholic Church
Balaramapuram, Trivandrum-695 501

**Nominated as member of Catholic Council of India (CCI) from the Major Archdiocese of Trivandrum**

Prof. Dr. Cherian Panicker
Prof. Dr. K.V. Thomaskutty

തിരുവനന്തപുരം മേജർ അതിഭദ്രാസന ബുള്ളറ്റിന്റെ വരിസംഖ്യ അടയ്ക്കാത്തവർ എത്രയും വേഗം അത് അടയ്ക്കുവാൻ താത്പര്യപ്പെടുന്നു. വരിസംഖ്യ അടയ്ക്കാത്തവർക്ക് തുടർന്ന് ബുള്ളറ്റിൻ അയയ്ക്കുന്നതല്ലെന്ന് ക്ഷമാപണത്തോടെ അറിയിക്കുന്നു.

**വാർഷിക വരിസംഖ്യ (ഒരു വർഷത്തേക്ക്)**

| | | |
|---|---|---|
| ഇന്ത്യയ്ക്കകത്ത് | - | 60 രൂപ |
| വിദേശത്ത് | - | 15 ഡോളർ/15 യൂറോ |

ചാൻസിലർ
തിരുവനന്തപുരം മേജർ അതിരൂപത.



Office of the Correspondent
Fr. Thomas Poovannal — MSC Schools, Pattom
Correspondent — Trivandrum
No. 918/09 — Date: 30.10.09

## NOTIFICATION

Applications in the prescribed form are invited from qualified candidates for appointment as HSS Teachers (Junior) in the following subject in the Aided Higher Secondary Schools under MSC Corporate Management, Pattom, so as to reach the undersigned on or before 25.11.09. The application forms can be had from the office during office hours, on payment of Rs. 100/- in cash. Teachers qualified for the post of HSST, who are working in the aided schools under this management, may also apply for the post.

***Qualification***:- Master Degree in the concerned subject with not less than 50% marks. B.ED and SET both in the concerned subject. Age: up to 39 with usual relaxation to SC/ST/OBC.

1. Commerce.

**Fr. Thomas Poovannal**
Correspondent

## കറസ്പോണ്ടന്റ് ഓഫീസ്
## അൺഎയ്ഡഡ് സ്കൂൾസ്

കേന്ദ്ര ന്യൂനപക്ഷകമ്മീഷനിൽ അപേക്ഷ നൽകിയിരുന്ന മേജർ അതിരൂപതയിലെ അൺഎയ്ഡഡ് സ്കൂളുകൾക്ക് ന്യൂനപക്ഷ പദവി നൽകി ഉത്തരവായിരിക്കുന്നു.

**ന്യൂനപക്ഷ പദവി ലഭിച്ച സ്കൂളുകൾ:**

1 സർവ്വോദയ വിദ്യാലയം, നാലാഞ്ചിറ.
2 സർവ്വോദയ സെൻട്രൽ വിദ്യാലയം, നാലാഞ്ചിറ
3 നസ്രത്ത് ഹോം സ്കൂൾ, ബാലരാമപുരം
4 വിശ്വദീപ്തി സ്കൂൾ, കാട്ടാക്കട

5 സെന്റ് ജോൺസ് സ്കൂൾ, അഞ്ചൽ
6 ആൾസെയ്ന്റ്സ് പബ്ലിക് സ്കൂൾ, അടൂർ
7 ഹോളി ഏഞ്ചൽസ് സ്കൂൾ, അടൂർ
8 സെന്റ് മേരീസ് എൽ.പി സ്കൂൾ, പട്ടം
9 മാർ ഗ്രിഗോറിയോസ് സ്കൂൾ, കാര്യവട്ടം
10 മാർ ഗ്രിഗോറിയോസ് സ്കൂൾ, പ്രാവച്ചമ്പലം
11 സെന്റ് മേരീസ് സ്കൂൾ, വെണ്ണിയൂർ.

**ഫാ. നെൽസൺ വലിയവീട്ടിൽ**
കറസ്പോണ്ടന്റ്, അൺഎയ്ഡഡ് സ്കൂൾസ്

## സ്കോളർഷിപ്പ്

കോളേജിൽ പഠിക്കുന്ന നാടാർ സമുദായത്തിൽപ്പെട്ട പെൺകുട്ടികൾക്ക് കേരള സർക്കാർ നല്കുന്ന സ്കോളർഷിപ്പിന് അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷാ ഫാറം നവംബർ 30 ന് മുൻപ് **സ്കോളർഷിപ്പ് സ്പെഷ്യൽ ഓഫീസർ, കോളേജ് വിദ്യാഭ്യാസ വകുപ്പ് സംസ്കൃത കോളേജ് കോമ്പൗണ്ട് പാളയം, തിരുവനന്തപുരം** എന്ന വിലാസത്തിൽ, പഠിക്കുന്ന കോളേജ് വഴി എത്തിക്കേണ്ടതാണ്. അപേക്ഷാഫാറം പട്ടം തിരുസന്നിധിയിൽ റിസപ്ഷനിൽ നിന്ന് ലഭിക്കും.

അമേരിക്കയിൽ ഹൂസ്റ്റണിലുള്ള മലയാളി എൻജീനിയേഴ്സ് അസോസിയേഷൻ ഇഞ്ചിനിയറിംഗിന് ഒന്നാംവർഷം പഠിക്കുന്ന വിദ്യർത്ഥികൾക്കു വേണ്ടി ഏർപ്പെടുത്തിയിരിക്കുന്ന സ്കോളർഷിപ്പിന് അപേക്ഷ ക്ഷണിക്കുന്നു. വാർഷിക വരുമാനം 50,000/- രൂപയിൽ താഴെയായിരിക്കണം. പൂരിപ്പിച്ച അപേക്ഷ 2009 നവംബർ 20 നകം Malayalee Engineers Association, Huston Texas, U.S.A എന്ന വിലാസത്തിൽ ലഭിച്ചിരിക്കണം. അപേക്ഷാഫാറം പട്ടം തിരുസന്നിധിയിൽ റിസപ്ഷനിൽ ലഭ്യമാണ്.

## ബൈബിൾ ശബ്ദകോശം

## ബൈബിൾ നിഘണ്ടു

കേരള സഭയിൽ ദൈവവചനത്തോടുള്ള ആഭിമുഖ്യം വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ വചനപഠനത്തിനായുള്ള അസുലഭ ഗ്രന്ഥം ലഭ്യമാകുന്നു. സാധാരണക്കാരും പണ്ഡിതരുമായ വചനോപാസകർക്ക് ഒരുപോലെ പ്രയോജനകരമായ ഈ ഗ്രന്ഥം സമ്പൂർണ്ണ ബൈബിളിലെ സമസ്ത പദങ്ങളുടെയും സമഗ്രവും ആധികാരികവുമായ പഠനം അനന്യചാരുതയോടെ ആദ്യമായി മലയാളത്തിൽ അവതരിപ്പിക്കുന്നു. 1997 – ൽ



പ്രസിദ്ധീകരിച്ച ബൈബിൾ നിഘണ്ടുവിന്റെ സമ്പൂർണ്ണമായും പരിഷ്കരിച്ച പതിപ്പ്.

- 5000–ൽപരം വാക്കുകളും 25000–ൽ പരം ഉപശീർഷകങ്ങളും വിശകലനം ചെയ്യുന്നു.
- ഹീബ്രു – ഗ്രീക്ക് മൂലപദങ്ങളുടെ വെളിച്ചത്തിലുള്ള അപഗ്രഥനം
- കേരളത്തിലെ പ്രമുഖരായ ബൈബിൾ പണ്ഡിതർ അണിച്ചൊരുക്കുന്ന സംയുക്ത സംരംഭം.
- പരസ്പരാശ്രിത പദങ്ങളെ മനസ്സിലാക്കാനും വ്യഥാസ്ഥൂലത ഒഴിവാക്കാനും ശാസ്ത്രീയമായ അനുബന്ധ സൂചകങ്ങൾ.

**മുഖവില 750 രൂപ**

**പ്രീപബ്ലിക്കേഷൻസ് 500 രൂപ**

പ്രീ- പബ്ലിക്കേഷൻസ് MO/DD അയക്കേണ്ട വിലാസങ്ങൾ

The Manager, SH League,
St. Joseph's Pont. Institute,
Mangalapuzha, Aluva- 683 103

The Director,
Alpha Institute of Technology & Science
Sandesa Bhavan, Thalassery - 670 101

## ആശംസകൾ

ഈ വർഷത്തെ കേരള സംസ്ഥാന അദ്ധ്യാപക അവാർഡു കരസ്ഥമാക്കിയ **ബഹു.ജോർജ്ജ് മാത്യു കരൂരച്ചനും, ബഹു. തോമസ് ഏബ്രഹാം സാറിനും** തിരുവനന്തപുരം മേജർ അതിരൂപതയുടെ അഭിനന്ദനങ്ങൾ.. ആശംസകൾ..!

**ബഹു.ജോർജ്ജ് മാത്യു കരൂരച്ചൻ** തിരുവനന്തപുരം വൈദികജില്ലയിൽ ശാസ്തമംഗലം ഇടവകവികാരിയായും പട്ടം സെന്റ് മേരീസ് ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പലായും സേവനമനുഷ്ഠിക്കുന്നു. മലങ്കര സഭയിൽ ഈ അവാർഡിനർഹമാകുന്ന ആദ്യത്തെ വൈദികനാണ് കരൂരച്ചൻ.

**ബഹു. തോമസ് ഏബ്രഹാം സാർ** റാന്നി പെരുനാട് വൈദികജില്ലയിൽ മേക്കൊഴൂർ ഇടവകയിൽ കഴിഞ്ഞ 30 വർഷക്കാലമായി സണ്ടേസ്കൂൾ അദ്ധ്യാപകനായും, മൈലപ്ര സേക്രട്ട് ഹാർട്ട് ഹൈസ്കൂൾ ഹെഡ്മാസ്റ്ററായും സേവനമനുഷ്ഠിക്കുന്നു.

# അഭിനന്ദനങ്ങൾ



തിരുവനന്തപുരം ഗവൺമെന്റ് സംസ്കൃത കോളേജിൽ നിന്നും എം.എ. സംസ്കൃതത്തിൽ മൂന്നാം റാങ്ക് നേടിയ നിഷ എം.യു. ചെമ്പരത്തിവിള സെന്റ് ഫ്രാൻസിസ് സേവ്യർ മലങ്കര കത്തോലിക്കാപള്ളിയിലെ ഇടവകാംഗമാണ്.



കേരള യൂണിവേഴ്സിറ്റിയിൽ നിന്നും എം.എസ്.സി. ജോഗ്രഫിയിൽ രണ്ടാം റാങ്ക് നേടിയ ദിവ്യാദാസ് ചെമ്പരത്തിവിള സെന്റ് ഫ്രാൻസിസ് സേവ്യർ മലങ്കര കത്തോലിക്കാപള്ളിയിലെ ഇടവകാംഗമാണ്.

## Major Archbishop's charity fund 2009

### Snehaveedu Project Contributions Received

**Priests & Individuals**

| | |
|---|---|
| Rt. Rev. Joshua Peedikayil Corepiscopo | 1000 |
| Rev. Fr. Joseph Thadathil | 5000 |
| **Religious Communities** | |
| Holy spirit Sisters, Tiruvalla | 5000 |
| S.H. Sisters (Pala), Trivandrum Major Archdiocese | 3000 |
| **Ayoor District** | |
| Ezhamkulam | 5000 |
| **Neyyattinkara District** | |
| Chemparathivila (additional) | 5000 |

**മേജർ ആർച്ചു ബിഷപ്പ് ചാരിറ്റി ഫണ്ട് – 2009**
**ആർച്ചുബിഷപ്പ് മാർ ഗ്രിഗോറിയോസ് സ്നേഹവീട് പദ്ധതിയിലേക്ക് മേജർ അതിഭദ്രാസന പ്രൊക്യുറേറ്റർ ഓഫീസ് മുഖേന സംഭാവന നൽകിയ ഇടവകകളുടെ ലിസ്റ്റ്**
**(തുടർച്ച)**

| SL. No. | Name of church | Amount |
|---|---|---|
| | **Adoor** | |
| 15 | Angadikal | 300.00 |
| 16 | Kizakkupuram | 1,000.00 |
| 17 | Parackodu | 250.00 |
| 18 | Vayala | 1,000.00 |
| | **Ayoor** | |
| 17 | Ayilara (Addl.) | 100.00 |
| 18 | Chozhiyakode | 200.00 |
| 19 | Kattilappara (Addl.) | 150.00 |
| 20 | Madathra | 200.00 |
| 21 | Mannoor | 1,000.00 |
| 22 | Samnagar (Addl.) | 100.00 |
| | **Kattakada** | |
| 20 | Anakuzhi | 500.00 |
| 21 | Kadampra | 500.00 |
| 22 | Malayinkeezhu (Addl.) | 100.00 |
| 23 | Marakkunnam | 500.00 |
| 24 | Mylakkara | 1,000.00 |
| 25 | Neerazhikonam | 500.00 |
| 26 | Ponneduthakuzhi | 1,000.00 |
| 27 | Poozhanadu | 500.00 |
| 28 | Punalal | 200.00 |
| 29 | Thozhukkalkonam | 500.00 |
| 30 | Thoongampara | 100.00 |
| | **Konni** | |
| 3 | Athumpumkulam | 1,000.00 |
| 4 | Attachackal | 5,000.00 |
| 5 | Avolikuzhi | 500.00 |
| 6 | Carmala | 2,000.00 |
| 7 | Chengara | 1,000.00 |
| 8 | Kalleli | 230.00 |
| 9 | Kallelithottam | 150.00 |
| 10 | Kokkathode | 250.00 |
| 11 | Konnithazham | 150.00 |
| 12 | Koodal | 2,000.00 |
| 13 | Mulanthara | 150.00 |
| 14 | Nedumankavu | 2,000.00 |
| 15 | Oottupura | 750.00 |
| 16 | Pezhumkal | 500.00 |
| 17 | Thannithode | 4,000.00 |
| 18 | Vakayar | 5,225.00 |
| | **Kottarakkara** | |
| 10 | Kalayapuram West. | 600.00 |
| 11 | Kokkad | 200.00 |
| 12 | Pulamon (Addl.) | 1,000.00 |
| 13 | Mylom | 250.00 |
| 14 | Panaveli | 200.00 |
| 15 | Panthaplavu | 100.00 |
| 16 | Pandithitta | 150.00 |
| 17 | Pattazhi (East) | 100.00 |
| 18 | Pidavoor | 100.00 |
| 19 | Podiyattuvila (Addl.) | 200.00 |
| 20 | Ummanoor | 50.00 |
| | **Kazhakoottom** | |
| 9 | Channankara | 1,000.00 |
| 10 | Kadinamkulam | 250.00 |
| 11 | Manjamala | 150.00 |
| 12 | Mariyanagar | 500.00 |
| 13 | Pothencode | 1,000.00 |
| 14 | Vellanickal | 100.00 |
| 15 | Vengodu | 250.00 |
| | **Nedumangadu** | |
| 2 | Memala | 100.00 |
| 3 | Nedumangad | 501.00 |
| 4 | Vithura | 100.00 |
| | **Neyyattinkara** | |
| 25 | Kodangavila | 1,000.00 |
| 26 | Mulloor (Addl.) | 100.00 |
| 27 | Pottayil | 50.00 |
| 28 | Punnakulam | 150.00 |
| 29 | Thengarakonam | 50.00 |
| | **Parassala** | |
| 19 | Aruviyode | 150.00 |
| 20 | Cheruvarakonam | 1,000.00 |
| 21 | Chaikottukonam (Addl.) | 500.00 |
| 22 | Dhanuvachapuram (Addl.) | 100.00 |
| 23 | Tharavila | 60.00 |
| 24 | Vadakara | 350.00 |
| 25 | Vanyacode | 1,000.00 |
| | **Pathanamthitta** | |
| 10 | Elanthoor | 250.00 |
| 11 | Erathumpamon | 1,000.00 |
| 12 | Karaumpekal | 100.00 |
| 13 | Kattoor | 400.00 |
| 14 | Muttathukonam | 500.00 |
| 15 | Naranganam | 1,000.00 |
| 16 | Oonnukal | 250.00 |
| 17 | Prakkanam | 4,552.00 |

| | | |
|---|---|---|
| 18 | Pulinthitta | 500.00 |
| 19 | Thonniyamala | 500.00 |
| 20 | Vayalathala | 950.00 |
| | **Punalur** | |
| 9 | Edamon | 300.00 |
| 10 | Edathara | 1,000.00 |
| 11 | Kadakkamon | 2,100.00 |
| 12 | Karavoor | 2,000.00 |
| 13 | Kottavattom | 1,000.00 |
| 14 | Manjamankala | 100.00 |
| 15 | Pathanapuram | 1,000.00 |
| 16 | Punnala | 2,000.00 |
| 17 | Thiruvazhi | 300.00 |
| 18 | Vettithitta | 3,000.00 |
| | **R-Perunad** | |
| 9 | Amalagiri | 1,000.00 |
| 10 | Angamoozhi | 2,000.00 |
| 11 | Kochukulam | 200.00 |
| 12 | Kumbazha | 2,000.00 |
| 13 | Laha | 50.00 |
| 14 | Maniyar | 500.00 |
| 15 | Perunad (Mampara) | 250.00 |
| 16 | Puthkulam | 325.00 |
| 17 | Thonikkadavu | 500.00 |
| | **Trivandrum** | |
| 18 | Kallayam | 100.00 |
| 19 | Kanjirampara | 500.00 |
| 20 | Karamana | 100.00 |
| 21 | Nalanchira (Addl.) | 5,000.00 |
| 22 | Thamalam (Addl.) | 200.00 |
| | **Pandalam** | |
| 7 | Kurampala | 200.00 |
| 8 | Pampumala | 2,150.00 |

## ജന്മദിനാശംസകൾ

**2009 നവംബർ**

02 : റവ. ഫാ. മാത്യു കയ്യാലക്കൽ
03 : വെരി. റവ. ഫാ. സക്കറിയാസ് നെടിയകാലായിൽ
04 : റൈറ്റ്.റവ.സാമുവേൽ തൈക്കൂട്ടത്തിൽ റമ്പാൻ
06 : റൈറ്റ്.റവ. കുരിശുമല മാത്യൂസ് റമ്പാൻ
10 : റവ.ഫാ.മാത്യു മനക്കരക്കാവിൽ
11 : റവ.ഫാ.വിൽസൺ തട്ടാരുതുണ്ടിൽ
11 : റവ.ഫാ.ഡാനിയേൽ കല്ലുവിള
12 : റവ.ഫാ.സി.സി.ജോൺ ചരിവുപുരയിടത്തിൽ
17 : റവ.ഫാ.തോമസ് വർഗീസ് വട്ടപ്പറമ്പിൽ
19 : റവ.ഫാ.വർഗീസ് കൊടിത്തറ
29 : റവ.ഫാ.ജോൺസൺ ചരിവുകാലായിൽ

## പ്രാർത്ഥനയിൽ ഓർക്കാം

**2009 നവംബർ**

" 01 : റവ.ഫാ. സാമുവേൽ മണകാവിൽ
" 07 : റവ.ഫാ.ഫിലിപ്പ് തോമസ് കൊച്ചുകല്ലിൽ
" 09 : റവ.ഫാ. തോമസ് വടക്കേക്കര
" 15 : റവ.ഫാ. സാമുവേൽ തെങ്ങുവിളയിൽ
" 15 : വെരി.റവ.ഫാ. അലക്സാണ്ടർ വലിയവീട്ടിൽ കോർ എപ്പിസ്ക്കോപ്പാ
" 15 : റവ.ഫാ. തോമസ് നെരിയാറ്റിൽ
" 20 : റവ.ഫാ.സക്കറിയാസ് തെക്കേടത്ത്
" 23 : റവ.ഫാ. ജേക്കബ് തകിടിയിൽ
" 23 : റവ.ഫാ.ജോസഫ് തച്ചേട്ട്
" 23 : റവ.ഫാ.മാത്യു തേക്കുംകാട്ടിൽ
" 29 : റവ.ഫാ. മത്തായി മുഞ്ഞാനത്ത്

## സ്മരണീയ ദിനങ്ങൾ

**2009 നവംബർ**

1 ഞാ കൂദോശ് ഈത്തൊ ഞായർ (സഭയുടെ വിശുദ്ധീകരണം)
ആരാധനക്രമവത്സരാരംഭം
സകല വിശുദ്ധന്മാരുടെയും ഓർമ്മ
3 ചൊ നിഖ്യായിലെ 318 പിതാക്കൻമാർ
പൗലോസ് മാർ പീലക്സിനോസ് തിരുമേനിയുടെ ഓർമ്മ
7 ശ മിലിത്തീനിലെ 33 സഹദേൻമാർ
8 ഞാ ഹൂദോസ് ഈത്തൊ ഞായർ (സഭയുടെ നവീകരണം)
സകല മാലാഖമാർ
9 തി വി.തിയോഡോർ
10 ചൊ സാമുവേൽ നിബിയാ, ലിയോ മാർപ്പാപ്പാ
12 വ്യാ അലക്സാണ്ഡ്രിയായിലെ മാർ യോഹന്നാൻ
13 വെ സ്വർണ്ണനാവുകാരനായ മാർ ഈവാനിയോസ്
യൂഹാനോൻ മാർ ക്രിസോസ്റ്റം തിരുമേനിയുടെ
നാമഹേതുക തിരുനാൾ
14 ശ മാർ ഫീലിപ്പോസ് ശ്ലീഹാ
15 ഞാ സ്കറിയായോടുള്ള അറിയിപ്പ്
സാമൂഹ്യസമ്പർക്ക മാധ്യമപ്രവർത്തനങ്ങൾക്കായി എല്ലാ ഇടവകകളിൽ
നിന്നും ഒരു സംഭാവന ഭദ്രാസനകേന്ദ്രങ്ങളിൽ എത്തിക്കേണ്ടതാണ്.
16 തി മാർ മത്തായി ശ്ലീഹാ
21 ശ പരി.ദൈവമാതാവിന്റെ ദൈവാലയ പ്രവേശനം
22 ഞാ പരി.ദൈവമാതാവിനോടുള്ള അറിയിപ്പ്
മാർ ഫിലെമോൻ; മർത്താ സിസിലിയാ ക്രിസ്തുരാജത്വത്തിരുനാൾ
(ലത്തീൻ ക്രമം)
23 തി വി.ക്ലെമന്റ് മാർപ്പാപ്പ, വി.ഫെലിസിറ്റ
28 ശ വി.കത്രീന

29 ഞാ പരി.ദൈവമാതാവ് എലിസബത്തിനെ സന്ദർശിക്കുന്നു
സാറൂഗിലെ മാർ യാക്കോബ്
ഗീവർഗീസ് മാർ ദിവന്യാസിയോസ് തിരുമേനിയുടെ
നാമഹേതുകതിരുന്നാൾ
30 തി മാർ അന്ത്രയോസ് ശ്ലീഹാ
(ഡിസംബർ 1 മുതൽ യൽദാപെരുന്നാളിന് ഒരുക്കമായുള്ള
ഇരുപത്തിയഞ്ചുനോമ്പ് ആരംഭിക്കുന്നു. നോമ്പിലെ പ്രത്യേക
പ്രാർത്ഥന,
വർജ്ജന തുടങ്ങിയവയെക്കുറിച്ച് വിശ്വാസികളെ ഓർമ്മിപ്പിക്കണം)

**2009 ഡിസംബർ**

1 ചൊ ഇരുപത്തഞ്ചു നോമ്പാരംഭം
3 വ്യാ വി. ഫ്രാൻസിസ് സേവ്യർ
4 വെ ഡമാസ്ക്കസിലെ മാർ യോഹന്നാൻ
5 ശ മാർ സാബാസ് അലക്സാൺഡ്രിയായിലെ മാർക്ലീമിസ്

## കാതോലിക്കാ ബാവായുടെ പ്രോഗ്രാം

**2009 നവംബർ**

| | |
|---|---|
| 9 | - പട്ടം കത്തീഡ്രൽ |
| 14 3.00 pm | - പാളയം ബസിലിക്ക |
| 15 | - വന്യക്കോട് |
| 16-20 | - ബഹു.വൈദികരുടെ ധ്യാനം - മരിയറാണി സെന്റർ, ശ്രീകാര്യം |
| 21 | - കടമ്മനിട്ട |
| 22 2.30 pm | - തൃശ്ശൂർ - കെ.സി.വൈ.എം. മീറ്റ് |
| 23 | - ഏനാത്ത് |
| 29 | - ലൂർദ്ദ് ഫൊറോന പള്ളി |
| 30 | - മലങ്കര സെമിനാരി |
| 30 - ഡിസം.4 | - ബഹു.വൈദികരുടെ ധ്യാനം - മരിയറാണി സെന്റർ, ശ്രീകാര്യം |

**2009 ഡിസംബർ**

| | |
|---|---|
| 5 | - ആഞ്ഞിലിക്കുന്ന് - പള്ളിക്കൂദാശ |
| | - തിരുവല്ല (മാർ ഗ്രിഗോറിയോസ് അവാർഡ്) |